ST. GEORGE FORANE CHURCH, EDAPPALLY

# സഹദാ

PARISH BULLETIN

ഏപ്രിൽ - ജൂൺ 2023 Vol. 18, Issue2



## തിരുനാൾ മംഗളങ്ങൾ

www.ajinorah.com

*You give us **a seed,** we give you **a plant***



വലിയ
ലക്ഷ്യങ്ങളിലേക്ക്
ചെറുപ്പത്തിലേ നടന്നുതുടങ്ങാം

# FOUNDATION COURSE

(Classes VII - X)

**Test date: Every Sunday**

SCAN QR
CODE FOR REGISTER


AJINORAH | ENTRANCE ACADEMY
Get Set Fly!

entrance@ajinorah.com

+91 811 544 99 44

Ernakulam | Palakkad | Kozhikode | Kottayam | Thodupuzha | Trivandrum





## ഇടയമൊഴി

സ്നേഹം നിറഞ്ഞവരെ

ഏപ്രിൽ മാസം ആദ്യവാരം തന്നെ വിശുദ്ധ വാരമാണ്. ഈശോയുടെ പീഡാസഹനം, കുരിശുമരണം, ഉത്ഥാനം ഇവ ആചരിക്കുന്ന പുണ്യ ദിനങ്ങളിലൂടെയാണ് നമ്മൾ കടന്നു പോവുക. ദീർഘമായ പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ഉപവാസത്തിന്റെയും ഒക്കെ ഒരുക്കത്തോട് കൂടിയാണ് നമ്മൾ പെസഹാ രഹസ്യങ്ങൾ കൊണ്ടാടുക . പിതാവ് തന്നെ ഏൽപ്പിച്ച ദൗത്യം പീഡാസഹനത്തിലൂടെയും കുരിശുമരണത്തിലൂടെയും പൂർത്തിയാക്കി മരണത്തെ കീഴടക്കി ഉത്ഥാനം ചെയ്ത യേശു നമുക്ക് നൽകുന്ന സന്ദേശം വളരെ വ്യക്തമാണ്. ദുഃഖവെള്ളികൾക്കും കല്ലറകൾക്കും അപ്പുറമുള്ള ഒരു ജീവിതം നമ്മുടെ വിശ്വാസ ജീവിതത്തിന്റെ അടിസ്ഥാനമായി ഉറപ്പിക്കണം എന്നതാണ് അത്. എമ്മാവൂസിലേക്ക് നിരാശയോടെ നടന്നു നീങ്ങുന്ന ശിഷ്യന്മാരോട് കൂടെ സഞ്ചരിക്കുന്ന യേശു അവർക്ക് നൽകുന്ന സന്ദേശവും ഇതു തന്നെയാണ്. എമ്മാവൂസിന്റെ ഇരുളടഞ്ഞ ഇടനാഴികളിലൂടെ സഞ്ചരിക്കുവാനുള്ളതല്ല ക്രൈസ്തവ ജീവിതം എന്നും പ്രതീക്ഷയുടെയും പ്രത്യാശയുടേതുമായ ജെറുസലേം രാജവീഥിയിലൂടെ സഞ്ചരിക്കേണ്ടതാണെന്നും അവരെ ഓർമ്മപ്പെടുത്തുന്നു. നിരാശ നിറഞ്ഞ ഇരുൾ വഴികളിലൂടെ സഞ്ചരിക്കേണ്ടി വരുമ്പോഴും പ്രതീക്ഷയുടെ നിറവെട്ടം എന്നും മനസ്സിൽ സൂക്ഷിക്കുവാൻ ഉത്ഥിതനായ യേശു നമ്മെ ക്ഷണിക്കുകയാണ്. എല്ലാവർക്കും ഉത്ഥാന തിരുനാളിന്റെ മംഗളങ്ങൾ ഏറ്റവും സ്നേഹത്തോടെ ആശംസിക്കുന്നു.

നമ്മുടെ ഇടവകയുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വിശുദ്ധ ഗീവർഗീസിന്റെ തിരുനാൾ ഏപ്രിൽ, മെയ് മാസങ്ങളിലായി നമ്മൾ ആഘോഷിക്കുകയാണ്. കോവിഡ് മഹാമാരിക്ക് ശേഷം ആത്മവിശ്വാസത്തോടെ തിരുനാൾ ആഘോഷിക്കുവാനായി നമ്മൾ ഒരുങ്ങുമ്പോൾ ഏറെ അനുഗ്രഹങ്ങൾ തമ്പുരാനിൽ നിന്ന് സ്വീകരിക്കുവാനുള്ള സന്ദർഭമായി തിരുനാൾ ആഘോഷങ്ങളെയും ബന്ധപ്പെട്ട് തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുന്നതിനെയും നോക്കി കാണണം എന്ന കാര്യം വിസ്മരിക്കരുത്. ഏറെ തീർത്ഥാടകർ എത്തിച്ചേരുന്ന സന്ദർഭം ആയതുകൊണ്ട് ആതിഥേയ മര്യാദയോടെ എല്ലാവർക്കും സേവന സൗകര്യങ്ങൾ ഒരുക്കി കൊടുക്കുവാൻ നമ്മൾ പ്രത്യേകം ശ്രദ്ധിക്കണം. അതോടൊപ്പം വിശ്വാസ ജീവിതത്തെ പരിപോഷിപ്പിക്കുന്ന പ്രവർത്തന ശൈലികൾ രൂപപ്പെടുത്തി എടുക്കുന്നതിനും മറ്റുള്ളവർക്ക് പ്രചോദനമാകുന്ന രീതിയിൽ അവ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിനും ഉത്സാഹപൂർവ്വം പരിശ്രമിക്കേണ്ടതായിട്ടുണ്ട്.

ജൂൺ മാസം പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്ന സന്ദർഭം കൂടിയാണ്. ഏറെ പ്രതീക്ഷയോടെ കൂടിയാണ് ഓരോ അദ്ധ്യയന വർഷാരംഭത്തിലും നമ്മുടെ കുഞ്ഞുങ്ങൾ വിദ്യാലയങ്ങളിലേക്ക് കടന്നു ചെല്ലുക. വളരെ ബുദ്ധിമുട്ടേറിയ പ്രതികൂല സാഹചര്യങ്ങൾ ഇന്നത്തെ വിദ്യാഭ്യാസ രംഗത്തിൽ നമ്മുടെ കുഞ്ഞുങ്ങൾ നേരിടേണ്ടി വരുന്നു എന്ന തിരിച്ചറിവ് കൂടുതൽ കരുതലോടെ മക്കളെ വളർത്തുവാനും അവർക്കായി സൗകര്യങ്ങൾ ഒരുക്കുവാനും നിതാന്ത ജാഗ്രതയോടെ അവരുടെ ഓരോ ചുവടും നിരീക്ഷിക്കുവാനും കൈപിടിച്ച് നടത്തുവാനും ബോധപൂർവ്വമായ ശ്രമം മാതാപിതാക്കളുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ട്. ലോക ഗുരുവായ ക്രിസ്തുവിന്റെ വിജ്ഞാനത്തിലേക്ക് ഓരോ കുഞ്ഞും കടന്നുവരുവാനും ഈ ലോകത്തിന്റെ ചതിക്കുഴികളിൽ പെടാതെ അവിടുത്തെ കരം പിടിച്ചു നടക്കുവാനും ഈ ജാഗ്രത അനിവാര്യമാണ്.പുതിയ അദ്ധ്യയന വർഷത്തിൽ എല്ലാ കുഞ്ഞുങ്ങൾക്കും പ്രാർത്ഥനാപൂർവ്വം വിജയാശംസകൾ നേരുന്നു.

സ്നേഹത്തോടെ വികാരിയച്ചൻ

**ഫാ. ആന്റണി മടത്തുംപടി**

# സഹദാ

പാരിഷ് ബുള്ളറ്റിൻ

ഏപ്രിൽ-ജൂൺ 2023

Vol. 18, Issue 2


സെന്റ് ജോർജ്ജ് ഫൊറോന ചർച്ച്

ഇടപ്പള്ളി, കൊച്ചി - 682 024

Ph: 0484 234 4538

edappallyvicar@gmail.com

Website: www.stgeorgeforanechurchedappally.org/

parishbullettinsahada@gmail.com






**രക്ഷാധികാരി**

റവ. ഫാ. ആന്റണി മടത്തുംപടി

**ചീഫ് എഡിറ്റർ**

ഫാ. ജോൺ പോൾ തെറ്റയിൽ

**അസോസിയേറ്റ് എഡിറ്റർ**

ഫാ. നിഖിൽ പടയാട്ടിൽ

**എഡിറ്റോറിയൽ ബോർഡ്**

ആന്റണി പരവര, വൈസ് ചെയർമാൻ

ജോർജ് കാട്ടിത്തറ, ജനറൽ സെക്രട്ടറി

ബിജു കല്ലുങ്കൽ, ട്രഷറർ

ജേക്കബ് പൈനുതറ

ഹോളി ജോർജ് തെറ്റയിൽ

ജെയിംസ് പുത്തൻപുരയ്ക്കൽ

ജോൺസൺ കല്ലറയ്ക്കൽ

സെബാസ്റ്റ്യൻ മടേക്കൽ

ഷെറിൽ തോംസൺ കാഞ്ഞിരക്കാടൻ

സുനിൽ കുമാർ ജോൺ എരിഞ്ഞേരി

തോമസ് ഡൊമിനിക് കടംതോട്

വർഗ്ഗീസ് പൗലോ ഉപ്പൻ

വിനു വർഗ്ഗീസ് പുത്തൻവീട്ടിൽ

**പള്ളി ഓഫീസ് സ്റ്റാഫ്**

ജനനം, മരണം, മാമ്മോദീസ, വിവാഹം തിയതികൾ

**ഉപദേശകസമിതി**

ജോർജ് ജേക്കബ് കണ്ണാതറ

ജോയി അമ്പാട്ട്

**മുദ്രണം & രൂപഭംഗി**

ഡോൺ ബോസ്കോ ഇഗാക്റ്റ്

വെണ്ണല, കൊച്ചി - 28

ഫോൺ: 0484 280 6411

mail@dbigact.com



ഇടയമൊഴി....03

ഓർമ്മകളുടെ ഉയിർപ്പ്....05

പ്രകാശത്തിൽ ജീവിക്കുക....06

വൈസ് ചെയർമാൻ എഴുതുന്നു....08

ഫാമിലി യൂണിറ്റ് മീറ്റിംഗുകൾ....08

ഗീവർഗ്ഗീസ് സഹദായുടെ തിരുനാൾ....10

നമ്മുടെ ഇടവകയിലെ രണ്ട് അതുല്യ പ്രതിഭകൾ....19

തമോ ഗർത്തത്തിലേക്ക്....21

സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപകങ്ങൾ കരുതി വയ്ക്കുക....22

സ്നേഹം....35

പിതാവിന്റെ പക്കലേക്ക്....36

സി.എൽ.സി. വാർത്തകൾ....37

യൂദിത്ത് ഫോറം....38

ഞങ്ങൾ വരവായി....38

വിമെൻ വെൽഫയർ സർവ്വീസസ്....47

ഞങ്ങൾ ഒന്നായി....48

മിഷൻലീഗ് വാർത്തകൾ....49

യൂണിറ്റ് വാർഷികങ്ങൾ....50



# ഓർമ്മകളുടെ ഉയിർപ്പ്



ഫാ. ജോൺ പോൾ തെറ്റയിൽ

"ക്രിസ്തു മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം" പൗലോസ് ശ്ലീഹായുടെ വാക്കുകളാണിത്. ഏതൊരു ക്രൈസ്തവന്റെയും വിശ്വാസത്തിന്റെ കേന്ദ്രമായ ഈശോയുടെ ഉയിർപ്പു തിരുനാൾ ഒരിക്കൽ കൂടി ആഗതമായിരിക്കുന്നു. ഇന്നലെയും ഇന്നും എന്നും മനുഷ്യനുള്ള ചോദ്യമാണ് മരണത്തിനപ്പുറം എന്താണ് ?

ആ ചോദ്യത്തിന് ഇന്ന് പ്രസക്തി ഇല്ല. കാരണം ഞാനാകുന്നു പുനരുദ്ധാനവും ജീവനും എന്ന് പഠിപ്പിച്ചവൻ തന്നെ തന്റെ ഉയിർപ്പിലൂടെ കാണിച്ചുതരുകയാണ്. മഗ്ദലന മറിയത്തോട്, സ്ത്രീയെ നീ എന്തിനാണ് കരയുന്നത് എന്ന് ക്രിസ്തുചോദിക്കുന്നുണ്ട്. ക്രിസ്തുവിൽ വിശ്വസിക്കുന്ന ആരെങ്കിലും ഇന്ന് കരയുന്നുണ്ടെങ്കിൽ അത് അവരുടെ മാതാപിതാക്കളെക്കുറിച്ചോർത്തോ, മക്കളെക്കുറിച്ചോർത്തോ, കുടുംബത്തെക്കുറിച്ചോർത്തോ, എന്തിനെപ്പറ്റി ആയിക്കൊള്ളട്ടെ ക്രിസ്തു അവരോട് ചോദിക്കുന്നത് നീ എന്തിനാണ് പ്രത്യാശയില്ലാത്തവരെപോലെ കരയുന്നത്. നിന്റെ വേദനകൾക്കും പ്രതിസന്ധികൾക്കും ഉത്തരം നൽകാൻ മരണത്തെ തോൽപ്പിച്ച ഈശോയ്ക്ക് സാധിക്കും.

ഓർമ്മകൾക്ക് ജീവിതത്തിൽ വളരെ പ്രാധാന്യമുണ്ട്. ഈസ്റ്റർ ഓർമ്മകളുടെ ആഘോഷമാണ്. കടൽത്തീരത്ത് മീൻപിടുത്തവുമായി നടന്നവരെ മനുഷ്യരെ പിടിക്കുന്നവർ ആക്കിയ തമ്പുരാന്റെ നല്ല ഓർമ്മകൾ ഉയിർപ്പിനെക്കുറിച്ചുള്ള നല്ല ഓർമ്മകൾ നമ്മെ എപ്പോഴും എത്തിക്കുന്നത് ഈശോയുടെ ജനനത്തിലാണ്. രക്ഷകനായ യേശുവിന്റെ ജനനത്തിന് കാത്തിരുന്ന ഒരുപാട് മനുഷ്യരുടെ പ്രതീക്ഷകൾ നിറഞ്ഞ സമാധാനത്തിന്റെ ഓർമ്മയിലേക്കാണ് അവൻ കടന്നുവന്നത്. ഈശോയുടെ ജനനസമയത്ത് മാലാഖമാർ ആശംസിച്ചതും ഉത്ഥാന ശേഷം ഈശോ പറഞ്ഞതും സമാധാനത്തിന്റെ ഓർമ്മകൾ ആയിരുന്നു. ഉത്ഥാനം ചെയ്ത ഈശോയിൽ നിന്നും സമാധാനം സ്വീകരിച്ച ശിഷ്യന്മാർ പിന്നെ ഭയന്നു തിരികെ പോയതായിട്ട് വചനത്തിൽ പറയുന്നില്ല. അതുവരെയും അവരെ അസ്വസ്ഥപ്പെടുത്തിയ കാൽവരിയിലെ യാത്രകൾ വലിയ ഓർമ്മകളായി അവരുടെ മനസ്സിൽ നിലനിന്നിരുന്നു. വീണ്ടും ഓർമ്മകൾ നമുക്ക് സമ്മാനിക്കാൻ ഈസ്റ്റർ വരുന്നു. വിശുദ്ധിയുള്ള ഓർമ്മകൾ നമ്മിൽ നിലനിൽക്കട്ടെ .

മനുഷ്യന്റെ വേദനകൾക്കപ്പുറം പുതിയൊരു സൗഭാഗ്യം ഉണ്ട് എന്ന സന്ദേശമാണ് ശൂന്യമായ കല്ലറ നമുക്ക് നൽകുന്നത്. കോവിഡ് നമ്മുടെ പലരുടെയും സ്വപ്നങ്ങൾക്ക് ക്ഷതമേൽപ്പിച്ചിട്ടുണ്ടാവാം. വീണ്ടും ആ പഴയ ഓർമകളിലേക്ക് വഴികളിലേക്ക് തിരിച്ചു പോകാനായിട്ടുള്ള പ്രേരണകൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകാം. ശൂന്യമായ കല്ലറയിലും കൈവിട്ടുപോയ കടൽത്തീരങ്ങളിലും പുത്തൻ ഓർമ്മകളും പ്രതീക്ഷകളും പകർന്നു നൽകിയ ദൈവം നമ്മുടെ ജീവിതത്തെ ഒരിക്കലും കൈവിടില്ല എന്നൊരു കാര്യം നമ്മുടെ ഓർമ്മയിൽ ഉണ്ടാകണം. നാം വെട്ടുന്ന വഴികളിലൂടെ സഞ്ചരിക്കാൻ അല്ല ദൈവം നയിക്കുന്ന വഴിയിലൂടെ നടക്കുവാനായിട്ട് നാം തയ്യാറാകേണ്ടത്. പുതിയ സ്വപ്നങ്ങൾ കണ്ടു കൊണ്ട് നൽകുന്ന സന്ദേശത്തിലൂടെ സ്നേഹത്തിന്റെ ഓർമ്മകൾ പങ്കുവെയ്ക്കുവാനായിട്ട് നമുക്ക് കഴിയട്ടെ. ജോലി നഷ്ടമായവരും കുടുംബ ബന്ധങ്ങൾ തകർന്നവരും രോഗങ്ങൾ മൂലം ജീവിതത്തിൽ തകർച്ചകൾ സംഭവിച്ചവരും പലപ്രാവശ്യം തോറ്റവർക്കും പുതിയ ഉണർവ് നൽകുന്ന ഉയിർപ്പിന്റെ ഓർമ്മകൾ നമ്മുടെ ഹൃദയത്തിൽ നിറയട്ടെ. പ്രത്യാശയോടെ പ്രതീക്ഷയോടെ അതിജീവനത്തിന്റേതായ കരുത്ത് ദൈവത്തിൽ നിന്ന് നമുക്ക് സ്വന്തമാക്കാം.

# പ്രകാശത്തിൽ ജീവിക്കുക



**ഫാ. നിഖിൽ പടയാട്ടിൽ**
സഹവികാരി

"പ്രകാശത്തെ നോക്കി നടക്കുക. നിന്റെ ജീവിതത്തിന്റെ നിഴലുകൾ പുറകിലേക്ക് മറിഞ്ഞുവീഴുന്നത് നീ കാണും." - ക്രിസ്താനുകരണം.

റൂമിയുടെ അതിമനോഹരമായ ഒരു ചിന്ത ഇങ്ങനെ ആണ്; Don't you know yet? It is your light that light the world. നമ്മൾ പ്രഘോഷിക്കുന്ന ഈശോയെ വലയം വച്ച് നാം ജീവിക്കുമ്പോൾ ഈ ചോദ്യം നമുക്ക് നേരെ ആവർത്തിക്കപ്പെടുകയാണ്. നീ ഒരു പ്രകാശമായി മാറുന്നുണ്ടോ?

നിത്യമാം പ്രകാശമേ നയിക്കുകെന്നെ നീ...' എന്ന പ്രാർത്ഥന ഉരുവിടുമ്പോൾ, കാലങ്ങൾക്കപ്പുറം ആ പ്രകാശത്തിന്റെ ചൂരും ചൂടും അറിഞ്ഞു മറ്റൊരു പ്രകാശമായി നീ മാറുന്നുണ്ടോ എന്ന ചോദ്യം ജല്പനങ്ങൾ പോലെ നിനക്ക് നേരെ ഇന്നു ഉയർന്നു പൊങ്ങുകയാണ്.

ആത്മാവിഷ്കാരത്തിന്റെ ഈ യാത്രയിൽ പ്രകാശമാകുന്നതാണ് ഓരോ മനുഷ്യജന്മത്തിന്റെയും ദൈവവിളി, മനുഷ്യന് എത്രത്തോളം ദൈവത്തോട് ചേർന്നു നടക്കാം എന്നു ക്രിസ്തു നമ്മെ കാണിച്ചു തരുമ്പോൾ ചോദ്യം വീണ്ടും ആവർത്തിക്കപ്പെടുകയാണ്, ആ പ്രകാശത്തെ വലയം വെയ്ക്കുന്ന നീ അപരന്റെ ജീവിതത്തിലെ പ്രകാശമാകുന്നുണ്ടോ? സാരമില്ല എന്നു പറഞ്ഞ് തട്ടി; എന്റേതാണ് എന്ന് ചേർത്തു പിടിച്ച്. കുറ്റബോധത്തിന്റെ തീക്കനലിൽ അവൻ വെന്തുരുകുമ്പോൾ മാപ്പു കൊടുത്ത് വരൂ, എന്നു പറഞ്ഞ് നിന്റെശത്രുവിനെപോലുംമാറോടുചേർത്തുഞാനുണ്ട് എന്ന് ഒറ്റപ്പെട്ടവനെ ധൈര്യപ്പെടുത്തി ഒത്തിരി ഇഷ്ടമാട്ടോ എന്ന് ഓമനിച്ചു നീ കടന്നുപോകുമ്പോൾ, നീ പ്രകാശമായി മാറുകയാണ്.

ബലഹീനതകളുടെ സമുച്ചയമാണ് മനുഷ്യജീവിതം എന്ന് നമുക്കറിയാം. നിന്റെ ജീവിതത്തിലെ ഇരുട്ട് നിന്നെ വിട്ടുപോകണമെന്നില്ല. നിന്റെ ബലഹീനതകൾ ആകുന്ന നിഴലുകൾ നിന്റെ കൂടെ ഉണ്ടാകാം. പക്ഷേ നീ ക്രിസ്തുവാകുന്ന പ്രകാശത്തെ നോക്കി നടന്നാൽ ആ ബലഹീനതകളാകുന്ന ഇരുട്ട് നിന്റെ പുറകിലേക്ക് മറിഞ്ഞു വീഴുന്നത് നീ കാണും. യൂദാസ് എന്ന വ്യക്തിയെ സുവിശേഷകൻ വരച്ചുകാട്ടുന്നത് ഒരേയൊരു വാചകത്തിലാണ്, "പുറത്ത് ഇരുട്ടായിരുന്നു. ക്രിസ്തുവിന്റെ തിരുവത്താഴത്തിൽനിന്ന്, ആ പ്രകാശത്തിൽനിന്ന് ഇറങ്ങി പോയവനെ ഇതിലും വ്യക്തമായി വരച്ചുകാട്ടുവാൻ സാധിക്കുകയില്ല. ഇന്നും ആ ആത്മീയ സാന്നിധ്യത്തിൽ നിന്നു നാം ഒരു Walk Out നടത്തുന്നുണ്ടെങ്കിൽ നമ്മൾ ഇരുട്ടായി മാറുകയാണ്.

ജീവിക്കുന്നതെന്ന് കരുതിയവരെല്ലാം ജീവിക്കുന്നില്ല; മരിച്ച ചിലരാകട്ടെ ഏതോ കാലത്തിന്റെ കടൽ നീന്തി നമ്മുടെ തീരത്ത് സജീവരായി നിൽക്കുന്നു. ചില മനുഷ്യർ കാലങ്ങളും കാതങ്ങളും കടന്ന് ഇന്നും നമുക്കിടയിൽ ജീവിക്കുന്നുണ്ടെങ്കിൽ അത് അവരിലെ പ്രകാശമൊന്നുകൊണ്ടു മാത്രമാണ്. ഇന്നും ജീവിതപ്രതിസന്ധികൾ മുന്നോട്ടു വരുമ്പോൾ മനുഷ്യൻ "എന്റെ പുണ്യാളാ' എന്നു വിളിക്കുന്നത് അവന്റെ നെഞ്ചിൽ കാലങ്ങൾക്കപ്പുറം പതിഞ്ഞ ആ വിശുദ്ധ ജീവിതമാണ്. എന്തേ നമ്മുടെ ജീവിതം ഇതുപോലെ മനുഷ്യജീവിതങ്ങളെ തൊടാത്തത് എന്ന ചോദ്യം നമ്മൾ ആത്മശോധനയ്ക്ക് വിധേയമാക്കേണ്ട വിഷയമാണ്.

രണ്ട് സഹോദരന്മാർക്കിടയിലൂടെ ഒരു നാണയം എറിയപ്പെടുകയാണ്. രണ്ടു പേരും ചിത്രരചനയിൽ കലാവാസനയുള്ളവർ. എന്നാൽ കൊടിയ ദാരിദ്ര്യം

കുടുംബത്തെ വരിഞ്ഞുമുറുക്കിയപ്പോൾ ഒരുവൻ പഠിക്കാനും അപരൻ സഹോദരന് പഠിക്കാനുള്ള പണം കണ്ടെത്തുവാൻ കൽക്കരി ഖനിയിലേക്കും പോകണം. അത് ആരു പോകണമെന്നു നാണയമിട്ടു തീരുമാനിക്കുന്നതാണ് അവിടെ അരങ്ങേറുന്നത്. അങ്ങനെ ആൽബർട്ട്, കൽക്കരി ഖനിയിലേക്കും അൽബ്രഷ് പഠിക്കാനായി സർവകലാശാലയിലേക്കും പോകുന്നു. കാലങ്ങൾ കടന്നുപോകുന്നു. പഠനം പൂർത്തിയാക്കി വരുന്ന അൽബ്രഷിന് ഒരു സ്വീകരണ വിരുന്നൊരുക്കുകയാണ് കുടുംബം. ആ വിരുന്നിനിടയിലും ആൽബ്രഷ് തേടിയത്. ആൽബർട്ടിനെയായിരുന്നു. ആൽബർട്ടിനെ കണ്ട മാത്രയിൽ ആൽബ്രഷ്, ആൽബർട്ടിനെ ചേർത്തുപിടിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു, "ഇനി നിന്റെ ഊഴമാണ്. തന്റെ അനുജനു നേരെ കൈകൾ നീട്ടിപ്പിടിച്ചു കൊണ്ട് ആൽബർട്ട് പറഞ്ഞു, "ഇനി എനിക്ക് അതിനാകുമെന്ന് തോന്നുന്നില്ല. കൽക്കരിഖനിയിലെ കഠിനമായ ജോലി കൊണ്ട് ആ കൈകൾക്ക് രൂപം നഷ്ടപ്പെട്ടിരിക്കുന്നു; വിരലുകൾ എല്ലാം വളഞ്ഞിരിക്കുന്നു. ഇനി ചിത്രം വരയ്ക്കവാനാകുമെന്ന് തോന്നുന്നില്ല. തന്റെ സഹോദരൻ തനിക്കുവേണ്ടി ഉരുകി തീർന്ന കഥ കേട്ടപ്പോൾ ആൽബ്രഷിന് പിന്നെ അങ്ങോട്ട് ഉറക്കമില്ലാത്ത രാത്രികളായിരുന്നു. അങ്ങനെ ഉറക്കം കെട്ട ഒരു രാത്രിയിൽ ആൽബ്രഷ് തന്റെ പെയിന്റും ബ്രഷും എടുത്ത് തന്റെ ജേഷ്ഠന്റെ കരങ്ങൾ വരച്ചു ഇന്നും 'ദ പ്രേയിംഗ് ഹാൻഡ്സ്' എന്ന പേരിൽ ആ ചിത്രം ഇന്നും പ്രസിദ്ധമാണ്. ആ അനുജന് വഴികാട്ടിയായി മാറിയ ജ്യേഷ്ഠന്റെ കരങ്ങൾ പ്രാർത്ഥിക്കുന്ന കരങ്ങൾ ആകുന്നതു പോലെ, അപരനുവേണ്ടി വഴികാട്ടിയായി നീ നിലകൊള്ളുമ്പോഴൊക്കെ നിന്റെ ജീവിതം പ്രാർത്ഥനയുടെ ജീവിതമായി മാറുകയാണ്. അവൻ പറഞ്ഞ വാക്കുകളേക്കാളും പ്രവർത്തിച്ച അത്ഭുതങ്ങളേക്കാളും അത്ഭുതം അവൻ തന്നെയായിരുന്നു' എന്നു പറഞ്ഞ റൂമിയുടെ വാക്കുകൾ ചേർത്ത് വായിക്കുമ്പോൾ അത്ഭുതമാകേണ്ടത് നമ്മുടെ വാക്കുകളല്ല നമ്മുടെ ജീവിതം തന്നെയാണ്.

## ഫാമിലി യൂണിറ്റ് മീറ്റിംഗുകൾ

**1. സേക്രഡ് ഹാർട്ട്**
ജൂൺ 13 - ജോസഫ് ഫിലിപ്പ് മൂശാരുപറമ്പിൽ
**2. ഹോളി സ്പിരിറ്റ്**
ജൂൺ 03 - ബേബി എ മാടൻ
**3. ഹോളി ഏയ്ഞ്ചൽസ്**
ജൂൺ 20 - ഗ്രേസി കുര്യാക്കോസ് പാലയ്ക്കാപ്പിള്ളി
**4. ലിറ്റിൽ ഫ്ളവർ യൂണിറ്റ്.**
ജൂൺ 06 - ത്രേസ്യാമ്മ ഫ്രാൻസീസ് ആലപ്പാട്ട്
**5. ക്രിസ്തു വിഹാർ**
ജൂൺ 13 - ജോസ് പള്ളത്ത്
**6. മേരി റാണി**
ജൂൺ 13 - ജോഷി വാലിക്കോടത്ത്
**7. സെന്റ് ജോസഫ്**
ജൂൺ 10 - ടോം മാഞ്ഞൂരാൻ
**8. സെന്റ് മദർ തെരേസ**
ജൂൺ 17 - കെ.ഒ. ബെന്നി കല്ലക്കാട്ട്
**9. സെന്റ് ആന്റണി**
ജൂൺ 04 - തോമസ് അബ്രാഹം കൊട്ടാരത്തിൽ
**10. ഹോളി ട്രിനിറ്റി**
ജൂൺ 04 - ലാലി ജോസഫ് തയ്യിൽച്ചിറ
**11. ഗീവർഗ്ഗീസ് സഹദ**
ജൂൺ 16 - കുഞ്ഞമ്മ ജേക്കബ് ചെറുകര
**12. നിത്യസഹായ മാതാ**
ജൂൺ 11 - ബിജു ജോസഫ് തേവലക്കാട്
**13. സെന്റ് ജൂഡ്**
ജൂൺ 08 - ടോമി ബ്രഹ്മകുളം
**14. സെന്റ് മേരീസ്**
ജൂൺ 19 - ലൈജു കൊടിയൻ
**15. സെന്റ് വിൻസെന്റ്**
ജൂൺ 07 - ജോൺ കല്ലേരി കാഞ്ഞിരക്കാടൻ
**16. സെന്റ് തോമസ്**
ജൂൺ 16 - വർഗ്ഗീസ് ഞാണയ്ക്കൽ
**17. കർമ്മലമാതാ**
ജൂൺ 1 - വർഗ്ഗീസ് കാച്ചപ്പിള്ളി
**18. ജോൺ മരിയവിയാനി**
ജൂൺ 14 - ബിജു ജോസഫ് കല്ലുങ്കൽ
**19. വിമല മാതാ**
ജൂൺ 02 - എൽസമ്മ അഗസ്റ്റിൻ എന്തുംതോട്ടം
**20. സെന്റ് തെരേസ**
ജൂൺ 17 - ജോസഫ് മുത്തുപ്പീടിക
**21. ഹോളിക്രോസ്**
ജൂൺ 03 - ലിജോ പീറ്റർ ഞാളിയത്ത്



## വൈസ് ചെയർമാൻ എഴുതുന്നു



ചരിത്ര പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ ഇടപ്പള്ളി സെന്റ് ജോർജ്ജ് ഫൊറോന ദേവാലയത്തിൽ ദൈവ നിയോഗത്താൽ ഒരിക്കൽ കൂടി തിരുനാൾ വന്നെത്തുകയാണല്ലോ. എ.ഡി 593 ൽ മർത്താ മറിയത്തിന്റെ പേരിൽ സ്ഥാപിക്കപ്പെട്ടതും പിന്നീട് വി. ഗീവർഗ്ഗീസ് സഹദായുടെ നാമത്തിൽ ദേശദേശാന്തരങ്ങൾ കടന്ന് വിശ്വപ്രസിദ്ധമായതും, നാനാ ജാതി മതസ്ഥരുടെ ആശ്രയമായി ആത്മീയാനന്ദം പങ്കിടുവാൻ ഈ ദേവാലയം ഒരുക്കത്തിലേയ്ക്ക് കടക്കുകയാണല്ലോ.

ഏഷ്യാ മൈനറിലെ കപ്പദോച്ചിയിൽ എ.ഡി 269 ൽ ജനിക്കുകയും, ഡയോക്ലേഷ്യൻ ചക്രവർത്തിയുടെ ഭരണകൂടത്തിൽ സൈന്യാധിപനായി ജോലി ചെയ്തുകൊണ്ട് ക്രിസ്തുവിലുള്ള അചഞ്ചലമായ വിശ്വാസത്തിന്റെ പ്രതീകമായി നിലകൊണ്ട്കൊണ്ട് ഏകാധിപത്യത്തിന്റേയും സർവ്വാധിപത്യത്തിന്റെയും, സേഛാധിപത്യത്തിന്റെയും, വർഗ്ഗാധിപത്യത്തിന്റെയും നടുവിൽ നിന്ന് ക്രിസ്തുവിനുവേണ്ടി മനുഷ്യത്വത്തിന്റെ മഹിതമായ ജീവിത മൂല്യങ്ങളുടെ സന്നിവേശം ജനങ്ങൾക്ക് പകർന്ന് കൊടുത്തുകൊണ്ട് ഘോര സർപ്പത്തിൽ നിന്നും രാജകുമാരിയെ പോലും രക്ഷപ്പെടുത്തി. തുടർന്ന് പല സംഭവവികാസങ്ങൾക്ക് സാക്ഷ്യം വഹിച്ച് കാരാഗ്രഹങ്ങൾക്കുള്ളിൽ കിടന്ന് അത്ഭുതങ്ങൾ പ്രവർനങ്ങളിലൂടെ അവസാനം എ.ഡി 303 ൽ കൊലക്കളത്തിലേക്ക് നടന്നടുക്കുമ്പോഴും സഭയും ക്രിസ്തുവും യുഗാന്ത്യത്തോളം നിലനിൽക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ധീര രക്തസാക്ഷിത്വം വഹിച്ചു എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ടല്ലോ.

1430 വർഷങ്ങൾ പിന്നിടുമ്പോൾ വ്യത്യസ്തമായ ആചാരാനുഷ്ടാനങ്ങൾ കൊണ്ട് സവിശേഷതകൾ നിറഞ്ഞതാണ് ഇടപ്പള്ളിയിലെ തിരുനാൾ. പണ്ട് കേരളത്തിലെ 64 നമ്പൂതിരി ഗ്രാമങ്ങളിൽ ചെറിയ വിസ്തൃതിയുള്ള കൊച്ചു രാജ്യമായിരുന്നു ഇടപ്പള്ളി. അന്നത്തെ പ്രശസ്ത രാജാവായ ദന്തളി തമ്പുരാൻ അഥവാ ഇടപ്പള്ളി രാജാവ്, കുലശേഖര സാമ്രാജ്യം എ.ഡി 12 -ാം ശതകത്തിൽ അവസാനിച്ചപ്പോൾ ഇടപ്പള്ളി രാജവംശം അല്ലെങ്കിൽ ഇളങ്ങല്ലൂർ സ്വരൂപം സ്വതന്ത്ര ഭരണത്തിലേക്ക് കടന്നു. മത സൗഹാർദ്ദത്തിന്റെ ഈറ്റില്ലമായ ഇടപ്പള്ളി ബഹുസ്വരതയുടെ ബഹുസ്പുരണങ്ങൾ കൊണ്ട് പേരുകേട്ടതാണ്. ഇളങ്ങല്ലൂർ സ്വരൂപമാണ് ദേവാലയ നിർമ്മിതിക്കായി സ്ഥല സൗകര്യങ്ങൾ ഒരുക്കി കൊടുത്തത്. 25-ാം തിയതി തിരുനാളിന് കൊടികയറ്റുന്നതിന് മുൻപ് കാഴ്ചവസ്തുകളും ആയി രാജസന്നിധിയിൽ എത്തുമ്പോൾ രാജാവ് അനുവാദം നൽകുകയും കൊട്ടാരം വക ആനയെ കൊണ്ട് കൊടിമരവും ഇവിടെ എത്തിക്കുകയായിരുന്നു. ഈ ചരിത്ര സ്മൃതികൾ അയവിറക്കിക്കൊണ്ട് ഇന്നും 101 -ൽ കൂടുതൽ പലഹാരങ്ങൾ സജ്ജീകരിച്ചതിനു ശേഷം പ്രസുദേന്തിയും മുൻ പ്രസുദേന്തിമാരും ദർശന സമൂഹാഗംങ്ങളും ചേർന്ന് വികാരിയച്ചനെ കൊടികയറ്റത്തിന് ക്ഷണിക്കുകയും അനുവാദം വാങ്ങുകയും ചെയ്യും. ആത്മീയ കർമ്മങ്ങളിലും തിരുനാളിൽ ഉടനീളം നിരവധിയായ പുരാതന ആചാരാനുഷ്ഠാനങ്ങളിലൂടെയാണ് തിരുനാൾ കടന്നുപോകുന്നത്. കോഴി

യാണ് ഇവിടുത്തെ പ്രധാന നേർച്ച. സർപ്പ ശല്യത്തിൽ നിന്നും മാറാരോഗങ്ങളിൽ നിന്നും രക്ഷനേടുവാനും നിരവധിയായ അനുഗ്രഹങ്ങൾ പ്രാപിക്കുവാനും തിരുനാളിനു മാത്രമല്ല ദിനംപ്രതി ഇവിടെ ഭക്ത ജനങ്ങൾ എത്തിച്ചേരുന്നത് പതിവാണ്. ഈ വർഷത്തെ തിരുനാൾ ഏറ്റെടുത്ത് നടത്തുവാനുള്ള സാഹചര്യം എന്നിലേക്കാണ് എത്തിചേർന്നിരിക്കുന്നത്. നിരന്തരമായ പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും നേർച്ചയുടെയും അനുഗ്രഹത്തിന്റെയും ആഗ്രഹത്തിന്റെയും ഫലമായിട്ടാണ് ഈ തിരുനാൾ നടത്താൻ അവസരം കിട്ടിയത്. 1951 ൽ ആണ് ഇതിന്റെ മുൻപ് എന്റെ പിതാവിന് തിരുനാൾ നടത്താൻ ഭാഗ്യം ലഭിച്ചത്. 72 വർഷങ്ങൾക്ക് ശേഷം വീണ്ടും ഈ അവസരം വന്നു ചേർന്നതിൽ ഞാനും എന്റെ കുടുംബവും ദൈവത്തിന് നന്ദി പറയുന്നു.

14-ാമത്തെ വയസിലാണ് ഞാൻ ദർശന സമൂഹത്തിൽ അംഗമായി ചേരുന്നത്. ദർശനാഗംങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്ന സ്ഥാനങ്ങളായ മേശക്കാരൻ, ഇസ്ക്രമോൻ, പ്രകദോർ, തെസിരേര് എന്നീ സ്ഥാനങ്ങൾക്ക് ശേഷമാണ് പ്രസുദേന്തിയിലേക്ക് എത്തി ചേരുന്നത്.

ഈ തിരുനാളിന്റെ അവസരത്തിനായി എന്നെ തിരഞ്ഞെടുത്ത ബഹുമാനപ്പെട്ട കപ്ലോൻ വികാരിയച്ചനും ലൈത്തോരന്മാർക്കും നന്ദിയും പ്രാർത്ഥനയും നേരുന്നു. ബഹുമാനപ്പെട്ട പിതാക്കന്മാർ, വൈദികർ, കൊച്ചച്ചന്മാർ, കൈക്കാരന്മാർ, ബഹുമാനപ്പെട്ട സിസ്റ്റേഴ്സ്, ദർശന സമൂഹാംഗങ്ങൾ, ശെമ്മദോർ, കപ്യാർമാർ കൂടാതെ ഈ തിരുനാളുമായി ബന്ധപ്പെട്ട പാട്ടുകാർ, പാരിഷ് കമ്മറ്റി അംഗങ്ങൾ, ഭക്ത സംഘടനകൾ, മറ്റു സംഘടനകൾ, സെൻട്രൽ കമ്മിറ്റി അംഗങ്ങൾ, ഓഫീസ് സ്റ്റാഫുകൾ, മറ്റു ജോലിക്കാർ കൂടാതെ എല്ലാ ഇടവകാംഗങ്ങൾക്കും ഭക്തജനങ്ങൾക്കും മേളക്കാർ, പടക്കക്കാർ, കലാസന്ധ്യ അവതരിപ്പിക്കുന്നവർ, ലൈറ്റ് & സൗണ്ട്, പന്തൽ, മറ്റെല്ലാവർക്കും തിരുനാൾ ഭക്തിനിർഭരവും മനോഹരവുമാക്കിത്തീർക്കുവാൻ എല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും സാന്നിധ്യവും ആഗ്രഹിക്കുന്നു. വിശുദ്ധന്റെ മാധ്യസ്ഥശക്തിയാൽ എല്ലാവരിലും അനുഗ്രഹങ്ങൾ വർഷിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്.

പ്രസുദേന്തി
**ആന്റണി പരവര**

# പിതാവിന്റെ കാലടികൾ തേടി.....



ഹോളി സ്പിരിറ്റ് ഫാമിലി യൂണിറ്റിന്റെ ഏകദിന തീർത്ഥാടനം 14-04-'23ന് രാവിലെ പരിശുദ്ധാരൂപിയോടുള്ള പ്രാർത്ഥനയോടെ ആരംഭിച്ചു. നമ്മുടെ പിതാവും ഭാരതത്തിന്റെ അപ്പസ്തോലനുമായ വി. തോമസ് ശ്ലീഹ ആദ്യമായി ഭാരതത്തിൽ വന്നിറങ്ങിയ കൊടുങ്ങല്ലൂർ.. അഴിക്കോട് മാർത്തോമാ തീർത്ഥാടനകേന്ദ്രം സന്ദർശിച്ചു പ്രാർത്ഥിച്ചു. തുടർന്ന് വിശുദ്ധന്റെ പാത പിന്തുടർന്ന് AD 52 ൽ വിശുദ്ധനാൽ സ്ഥാപിതമായ ആദ്യ ക്രിസ്തീയ ദേവാലയമായ പാലയൂർ സെന്റ്. തോമസ് മേജർ ആർക്കിഎപിസ്കോപ്പൽ തീർത്ഥാടനദേവാലയം സന്ദർശിച്ചു പ്രാർത്ഥിക്കുകയും വിശുദ്ധന്റെ അത്ഭുതപ്രവർത്തനങ്ങൾ നടന്ന സ്ഥലങ്ങൾ സന്ദർശിക്കുകയുമുമായി. തുടർന്ന് മറ്റു വിനോദ കേന്ദ്രങ്ങളും സന്ദർശിച്ചതിനുശേഷം വൈകീട്ട് സന്ധ്യപ്രാത്ഥനയോടെ യാത്ര സമാപിച്ചു.....ദൈവത്തിന് സ്തുതി....



**ജോർജ്ജ് ജേക്കബ് കണ്ണാതറ  ജോയി അമ്പാട്ട്**

കൈക്കാരന്മാർ

# ഗീവർഗ്ഗീസ് സഹദായുടെ തിരുനാൾ

ചരിത്രപ്രസിദ്ധമായ നമ്മുടെ ഇടവക ദേവാലയത്തിന്റെ മദ്ധ്യസ്ഥനായ വി. ഗീവർഗ്ഗീസ് സഹദായുടെ തിരുനാൾ സാഘോഷം നാം കൊണ്ടാടുകയാണ്. വിശ്വാസ പൈതൃകത്തിന്റെയും പാരമ്പര്യത്തിന്റെയും ചരിത്രപരമായ പ്രാധാന്യത്തിന്റെയുമൊക്കെ പശ്ചാത്തലത്തിൽ കേരളത്തിലെന്നല്ല ഭാരതത്തിലും വിദേശത്തും കേൾവികേട്ട ദേവാലയമാണ് നമ്മുടേത്.

വി. ഗീവർഗ്ഗീസിന്റെ മാധ്യസ്ഥ്യം അപേക്ഷിച്ച് ക്രൈസ്തവർ മാത്രമല്ല, നാനാജാതി മതസ്ഥരായ അനേകം തീർത്ഥാടകരാണ് ഇടപ്പള്ളിയിലെത്തുന്നത്. വിശുദ്ധന്റെ തിരുനാളിനായി നാം ഒരുങ്ങുമ്പോൾ വി. ഗീവർഗ്ഗീസിലൂടെ ദൈവം നമ്മുക്കു നൽകിയ അനുഗ്രഹങ്ങളെയോർത്ത് നമ്മുക്കു നന്ദി പറയാം.

വിശുദ്ധനിലൂടെ ഇനിയും ധാരാളം ദൈവാനുഗ്രഹങ്ങൾ നമ്മുടെ ഇടവകയ്ക്കും സമൂഹത്തിനും കൈവരാൻ പ്രാർത്ഥിക്കാം.

ഏപ്രിൽ 25 മുതൽ മെയ് 11 വരെ ദീർഘിക്കുന്ന നമ്മുടെ തിരുനാൾ ഭക്തിസംവർദ്ധകമായും മനോഹരവുമാക്കിത്തീർക്കി നമുക്കു പരിശ്രമിക്കാം. ബാഹ്യമായ ആഘോഷങ്ങളേക്കാൾ, ആത്മീയമായ ചൈതന്യത്തിൽ വിശുദ്ധനോടുള്ള വിശ്വാസതീക്ഷ്ണതയിലും സ്നേഹത്തിലും ഒരുമയിലും ഐക്യപ്പെട്ടുകൊണ്ട് ഈ തിരുനാൾ ദിനങ്ങൾ ദൈവത്തിനു പ്രീതികരമാക്കിത്തീർക്കാൻ നമുക്കു കഴിയട്ടെ. ഇടവകയാകുന്ന വലിയ കുടുംബത്തിന്റെ കെട്ടുറപ്പും സ്നേഹവും പ്രകടമാകുന്ന അവസരമായി നമ്മുടെ തിരുനാൾ മാറട്ടെ.

തിരുനാൾ ഏറ്റെടുത്തു നടത്തുന്ന പ്രസുദേന്തിക്കും കുടുംബാംഗങ്ങൾക്കും ഇടവകാംഗങ്ങൾക്കും മറ്റെല്ലാ വിശ്വാസികൾക്കും വി. ഗീവർഗ്ഗീസിന്റെ മധ്യസ്ഥതയാൽ ദൈവാനുഗ്രഹങ്ങൾ സമൃദ്ധമായി ഉണ്ടാകട്ടെ എന്ന പ്രാർത്ഥിക്കുന്നു. ഇടവക തിരുനാൾ ഏറ്റവും മനോഹരവും ഭക്തിനിർഭരവുമായി കൊണ്ടാടാൻ പരിശ്രമിക്കുന്നു എല്ലാവർക്കും നന്ദിയും ആശംസകളും നേർന്നുകൊണ്ടും ഒരിക്കൽ കൂടി എല്ലാവർക്കും ദൈവാനുഗ്രഹങ്ങൾ ഉണ്ടാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ടും...

സ്നേഹത്തിന്റെ ഐക്യത്തിൽ കൈക്കാരന്മാർ

# HAPPY WEDDING



*Nikhil & Sruti Terese*

S/o Ouseph Thomas
& Elizabeth Ouseph
Mundakathil House, Edappally

D/o Shaji Mathew
& Ginni Shaji
Palamkunnel House, Pala

**WEDDING ON 09TH FEBRUARY 2023**



# Wedding Wishes

**Liston P M**
Pallippattu House
Karayanparambu, Angamaly

&

**Maria k dominic**
Kochuveettil House
Edappally

**Wedding date - 15/01/2023**

# സ്നേഹസ്മരണയ്ക്ക്



## അമ്മിണി തോമസ്

### കൊച്ചുവീട്ടിൽ ഹൗസ്

ജനനം : 02.09.1933
മരണം : 06.01.2022

ജീവിച്ചിരുന്നപ്പോൾ നിങ്ങൾ എന്നെ സ്നേഹിച്ചു
ഇനി നിങ്ങളുടെ പ്രാർത്ഥയിൽ എന്നെയും സ്മരിക്കണമേ

# 50 Golden Jubilee



## SR. PETIT TREASA KALLARACKAL SABS

(Retd teacher St.George & St. Pius High School, Edappally, Principal Mary Matha Higher secondary School,Thoppil)





1998 - 2023

# 25th Wedding Anniversary



## P.G. JOY & JAIMOL JOY

Pallippadan House, Edappally

*with lots of love*

Jackson Joy, Jomol Jackson, Janviya Jackson

## *with Best Complements*

Joy's Land,

Fairmount Resort, Vagamon

Pallippadan High Light,

Pallippadan Pent House,

Gladson Center



# Baptism

**JANVIYA JACKSON**

Jackson joy & Jomol Jackson

Pallippadan house

17/11/2022

Jeevadhara unit



Wedding Wishes

**BESTIN BABU**
Panattu House
Edappally

16.01.2023

**VEENA RADHAKRISHNAN**
Vaishnavam
Edappally

# 81-ാം ജന്മദിനാശംസകൾ



# ജോർജ്ജ് തായങ്കേരി

## മാർക്കറ്റ് റോഡ്, ഇടപ്പള്ളി

ഇടപ്പള്ളി സെന്റ് ജോർജ് ഫോറോനാ ദേവാലയത്തിലെ
ആദ്യത്തെ സെൻട്രൽ കമ്മിറ്റി വൈസ് ചെയർമാൻ ജോർജ് തായങ്കേരിക്ക്
ഇടപ്പള്ളി ഇടവകക്കാരുടെയും പ്രത്യേകിച്ച് സഹദാ കുടുംബ യൂണിറ്റിന്റെയും
തായങ്കേരി കുടുംബ യൂണിറ്റിന്റെയും
പ്രാർത്ഥന നിർഭരമായ ജന്മ ദിനാശംസകൾ നേർന്നു കൊള്ളുന്നു.

# 40–ാം വിവാഹവാർഷികം

**10.04.2023**



**തോമസ് & മേരി** അമ്പാട്ട്, ഇടപ്പള്ളി

ആശംസകളോടെ :

മക്കൾ :
എൽസ
റോസ്മിൻ

മരുമക്കൾ :
സിംപ്സൺ വർക്കി
സിബി കോറോത്ത്

പേരക്കുട്ടികൾ:
അപ്പു
മുന്നു
ജോർജ്ജ്കുട്ടി
മറിയകുട്ടി
അന്നകുട്ടി

അമ്പാട്ട് കുടുംബയോഗം



**Valsamma Pious & Pious Mathew**

Ambalathinkal, Edappally

## BLESSED 40th

## *Wedding Anniversary*

25 April 2023



*With Love and Prayers*

George Mathew, Abin Pious
Angel, Anol
Amie, Varkichan, Ittychan

# നമ്മുടെ ഇടവകയിലെ രണ്ട് അതുല്യ പ്രതിഭകൾ

2021, നവംബർ 12, ഡിസംബർ 4 എന്നീ ദിനങ്ങൾ, നമ്മുടെ ഇടവകയിലെ പ്രശസ്തരായ രണ്ടു വ്യക്തികൾ കാലയവനികക്കുള്ളിൽ മറഞ്ഞ ദിവസങ്ങളായിരുന്നു. കാർഷിക സർവ്വകലാശാല മുൻ വൈസ് ചാൻസർ ഡോ. എ.എം. മൈക്കിൾ അരയത്തിനാലും, പ്രശസ്ത നാടക, സിനിമ പിന്നണി ഗായകനും, ഇടപ്പള്ളിക്കാരുടെ ഹരവുമായ ശ്രീ തോപ്പിൽ ആന്റോയും, വ്യത്യസ്ത മേഖലകളിൽ കഴിവുതെളിയിച്ച ഇവർ രണ്ടു പേരും അവരുടെ ജീവിത സായാഹ്നങ്ങളിൽ നമ്മുടെ ഇടവകയിലെ സെന്റ് വിൻസെന്റ് ഫാമിലി യൂണിറ്റ് അംഗങ്ങളായിരുന്നു. ഈ കാലഘട്ടത്തിൽ നമ്മുടെ സഭയിലെ 'പാസ്ട്രൽ ഓറിയന്റേഷൻ സെന്റർ' (P.O.C) ഇവർ രണ്ടുപേർക്കും അടുത്തടുത്തവർഷങ്ങളിൽ (2010ൽ എ.എം. മൈക്കിൾ, 2011 ൽ തോപ്പിൽ ആന്റോ) 'ഗുരുപാദപുരസ്ക്കാരം' അവാർഡ് നൽകി ആദരിച്ചു.

2010 ൽ മൈക്കിൾ സാറിന്റെ ഭവനത്തിൽ വച്ചു നടന്ന യൂണിറ്റ് വാർഷിക സമ്മേളനത്തിൽ ആന്റോ ചേട്ടൻ പാടിയ പാട്ട് ഇപ്പോഴും കാതുകളിൽ മുഴങ്ങുന്നു.

ഇരുപത്തി രണ്ടു ദിവസത്തെ വ്യത്യാസത്തിൽ (നവംബർ 12, എ.എം. മൈക്കിൾ, ഡിസംബർ 4 തോപ്പിൽ ആന്റോ) ഇവർ രണ്ടുപേരും ഈ ലോകത്തോടു വിട വാങ്ങി. ഇനി അവരുടെ വ്യക്തിപരമായ ജീവിതത്തിലേക്ക് ചെറുതായി എത്തിനോക്കാം.

**ഡോ. എ.എം. മൈക്കിൾ അരയത്തിനാൽ**

കോട്ടയം ജില്ലയിലെ പൂഞ്ഞാറിനടുത്തുള്ള പാതാമ്പുഴ എന്ന ഗ്രാമത്തിലാണ്, അദ്ദേഹത്തിന്റെ ജനനം. അന്നത്തെ



ഇന്റർ മീഡിയേറ്റ് പഠനശേഷം, അലഹബാദ് സർവ്വകലാശാലയിൽ നിന്നും കാർഷിക എഞ്ചിനീയറിങ്ങിൽ ബിരുദവും ഖരക്പൂർ ഐ.ഐ.ടി. യിൽ നിന്ന് എം. ടെക്കും, പി.എച്ച്.ഡിയും കരസ്ഥമാക്കി. രാജസ്ഥാൻ, പഞ്ചാബ്, സർവ്വകലാശാലകളിലെ ജോലിക്കുശേഷം ഇന്ത്യൻ അഗ്രിക്കൾച്ചറൽ റിസേച്ചേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി. ഡയറക്ടർ എന്ന നിലയിൽ ദേശീയ കാർഷിക നയരൂപീകരണത്തിൽ വിലപ്പെട്ട സംഭാവനകൾ നൽകിയ അദ്ദേഹം, പല വിദേശ സർവ്വകലാശാലകളിലും സേവനം അനുഷ്ടിച്ചിട്ടുണ്ട്. ഐ.സി.ആർ. എൽ. റാഫി അഹമ്മദ് കിദ്വായി പുരസ്കാരം രാജേന്ദ്രപ്രസാദ് പുരസ്കാരം, എഞ്ചിനീയർ ഓഫ് ദ ഇയർ അവാർഡ് തുടങ്ങിയവ അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ പുസ്തകങ്ങൾ വിദേശത്തടക്കം പല സർവ്വകലാശാലകളിലും പാഠപുസ്തകങ്ങളാണ്. കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലറായുംഅദ്ദേഹംസേവനംഅനുഷ്ഠിച്ചു സർവ്വകലാശാലയെ ഇന്നത്തെ നിലയിലേക്ക് ഉയർത്തിയതും ഇദ്ദേഹമാണ്. ഔദ്യോഗിക ജീവിതത്തിൽ വളരെ

കുറച്ചുകാലമേ കേരളത്തിൽ ഉണ്ടായിരുന്നെങ്കിലും അതു സംഭവ ബഹുലമായിരുന്നു.

ലോക ഭക്ഷ്യ കാർഷിക സംഘടന, യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് ഏജൻസി,വിൻറോക്കിഇന്റർനാഷണൽ ഏഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നിവിടങ്ങളിൽ കൺസൽറ്റന്റ് ആയും, ഇന്ത്യൻ സൊസൈറ്റി ഓഫ് എഞ്ചിനിയേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിങ്ങ് എന്നിവയിൽ ഫെല്ലോ ആയും, യൂണിവേഴ്സിറ്റി ഓഫ് നെയ്റോബി, ഏഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനിയേഴ്സ് (ഇന്ത്യ) എന്നിവിടങ്ങളിൽ വിസിറ്റിങ്ങ് പ്രൊഫസർ ആയും ജോലി ചെയ്തിട്ടുണ്ട്.

ഇന്ന് നമ്മുടെ വീടുകളിൽ ഉപയോഗിക്കുന്ന ലഘു യന്ത്രം (പാര) ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ വളരെ ലളിതമായി വികസിപ്പിച്ചെടുത്തതാണ്.

ജീവിത സായാഹ്നത്തിലാണ് അദ്ദേഹം നമ്മുടെ ഇടവകാതിർത്തിയിൽ താമസമാക്കിയത്, അതിനാൽ ചരിത്ര പ്രശസ്തനായ ഈ വ്യക്തിയെ കൂടുതൽ ആൾക്കാർക്ക് അറിയാൻ സാധിച്ചില്ല.

**തോപ്പിൽ ആന്റോ**



"മധുരിക്കും ഓർമ്മകളേ" മലയാളികളുടെ ഹരമായി ഈ പാട്ടിനെ മാറ്റിയത് തോപ്പിൽ ആന്റോ ഗാനമേള സദസ്സുകളിൽ കൂടിയാണ്.

1940 ജൂൺ മാസം ആറാം തീയതി ഇടപ്പള്ളിയിലാണ് അദ്ദേഹത്തിന്റെ ജനനം. ചവിട്ടുനാടക കലാകാരനായ പിതാവും, ഭക്തിഗാനങ്ങൾ ഈണത്തിൽ പാടുന്ന മാതാവുമാണ് അദ്ദേഹത്തെ സംഗീതലോകത്ത് എത്തിച്ചത്. അയൽവാസിയുടെ ജനാലകളിൽ കൂടി ഒഴുകി വരുന്ന ഹിന്ദിപാട്ടുകളായിരുന്നു തന്റെ സംഗീത ഗുരു എന്ന് അദ്ദേഹം പിന്നീട് പറഞ്ഞിട്ടുണ്ട്. 14-ാം വയസ്സിൽ ഇടപ്പള്ളി കേരള മ്യൂസിക് ആർട്സിൽ അരങ്ങേറ്റം നടത്തി. തോപ്പിലെ പറമ്പിലെ ആന്റണിയെ 'തോപ്പിൽ ആന്റോ' ആക്കിയത് ആത്മ സുഹൃത്ത് എ.സി. ജോണിയായിരുന്നു. 20-ാം വയസ്സിൽ രണ്ടു ഗാനങ്ങൾ എച്ച്.എം.വി.യിൽ റിക്കാർഡു ചെയ്തു. പിന്നാലെ നാടകങ്ങളിൽ നിന്ന് അവസരങ്ങളെത്തി.

ലതാമങ്കേഷ്കറുടെ സ്വരത്തിലും അതേ ഈണത്തിലും മുഹമ്മദ് റാഫിയും, മുകേഷിന്റെയും പാട്ടുകളും അതേ പടി ഗാനമേളസദസ്സുകളിൽ പാടി ശ്രോതാക്കളെ കോൾമയിർ കൊള്ളിക്കുന്ന ഒരു അത്ഭുത ഗായകനായിരുന്നു തോപ്പിൽ ആന്റോ.

ചങ്ങമ്പുഴ രചിച്ച് എരൂർ സുഖദേവ് സംവിധാനം ചെയ്ത നാടകത്തിലെ പാട്ടു കേട്ട സിനിമാ സംവിധായകൻ കെ.എൽ. ആന്റണി ആണ് അദ്ദേഹത്തെ സിനിമാലോകത്ത് എത്തിച്ചത്. യേശുദാസിനേയും സിനിമാ ലോകത്ത് എത്തിച്ചതും ഈ സംവിധായകൻ തന്നെ. 'ഫാദർ ഡാമിയൻ' എന്ന സിനിമയിലെ 'പിന്നിൽ നിന്നു വിളിക്കും കുഞ്ഞാടുകൾ' എന്ന പാട്ടാണ് സിനിമയിലെ ആദ്യ ഗാനം. 'ഹണീബി റ്റൂ' എന്ന സിനിമയിലെ ' നമ്മുടെ കൊച്ചി" എന്നു തുടങ്ങുന്ന ഗാനമാണ് അവസാനമായി പാടിയത്. 1976 മുതൽ ആകാശവാണി തൃശൂർ നിലയത്തിലെ ലളിത ഗായകനായിരുന്നു അദ്ദേഹം. 1986 ലെ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ കേരള സന്ദർശനവുമായി ബന്ധപ്പെട്ടു തയ്യാറാക്കിയ പാപ്പാ സോങ്ങിന് സംഗീതം നൽകി. ലളിത സംഗീതത്തിന് 1982 ൽ സംഗീത നാടക അക്കാദമി അവാർഡും 2010 ൽ പ്രവാസി പ്രണവധ്വനി പുരസ്കാരവും, ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം അവാർഡും ലഭിച്ചിട്ടുണ്ട്. 1992 ലും 1996 ലും സംഗീത നാടക അക്കാദമി ജനറൽ കൗൺസിൽ എക്സിക്യൂട്ടീവ് സമിതികൾ ഇവയിലൊക്കെ അംഗമായിരുന്നു.

ആയിരത്തിലേറെ നാടക ഗാനങ്ങളും ഒരു പിടി മികച്ച സിനിമാ ഗാനങ്ങളും മലയാളികൾക്കു നൽകിയ ഒരു അതുല്യ പ്രതിഭയായിരുന്നു അദ്ദേഹം. ഗാനമേള സദസുകളിൽ നിറ ചിരിയോടെയുള്ള പാട്ടും, ആട്ടവും, ചലനങ്ങളുമെല്ലാം ശ്രോതാക്കൾക്ക് വളരെ ആവേശം പകർന്നു നൽകിയിരുന്നു. എല്ലാ ഗാനമേള സദസ്സുകളിലും പാട്ടുയരുന്ന പാട്ടാണ് "മധുരിക്കും ഓർമ്മകളെ" അങ്ങനെ വളരെയധികം മധുരിക്കും ഓർമ്മകളെ മലയാളികൾക്കു നൽകിയ ആ അനശ്വര കലാകാരൻ എന്നും മലയാളികളുടെ മനസ്സിൽ പ്രത്യേകിച്ച് ജന്മനാടായ ഇടപ്പള്ളിയിലെ ജനങ്ങളുടെ മനസ്സിൽ "മധുരിക്കും ഓർമ്മകളായി" നില നിൽക്കട്ടെ.

**ജോയി ജോസഫ്**

സെന്റ്. ഫ്രാൻസിസ് അസീസ്സി യൂണിറ്റ്



# തമോ ഗർത്തത്തിലേക്കോ?

ദൈവനിഷേധകരുടെ എണ്ണം ഭൂമിയിൽ വർദ്ധിച്ചു വരികയോണോ? ബുദ്ധിമാന്മാരിലും ജ്ഞാനികളിലും നിന്നും ദൈവവിശ്വാസം ചോർന്നു പോവുകയാണോ? "മനുഷ്യ പുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?" (ലൂക്കാ 18:8) ഈശോ വേദനയോടെ ചോദിക്കുന്ന ചോദ്യം ഈ കാലഘട്ടത്തിൽ യാഥാർത്ഥ്യമാവുകയാണോ ? ഈ സന്ദേഹം ബലപ്പെടുത്തുന്ന വാർത്തകളാണ് നാം അനുദിനം കേൾക്കുന്നത്. ദൈവം എന്നൊരു ശക്തിയില്ലെന്നും എല്ലാം പ്രപഞ്ചനിയമമനുസരിച്ച് സ്വാഭാവികമായി നടക്കുന്നതാണെന്നും അവർ വിശ്വസിക്കുന്നു, പ്രസംഗിക്കുന്നു. പ്രബന്ധങ്ങളെഴുതുന്നു. ദൈവത്തിൽ വിശ്വസിക്കുന്നതിനേക്കാൾ ദൈവവചനത്തിൽ ശരണപ്പെടുന്നതിനേക്കാൾ അധികമായി. പരിമിതമായ മാനുഷികമായ ബുദ്ധിയിൽ ഉദിച്ച ഇത്തരം അബദ്ധസിദ്ധാന്തങ്ങളിൽ അനേകംപേർ വിശ്വസിക്കുന്നു. ബുദ്ധികൊണ്ടും പ്രതിഭകൊണ്ടും മുന്നിൽ നിൽക്കുന്ന മനുഷ്യർക്കുപോലും ദൈവവിശ്വാസത്തിന്റെ കാര്യത്തിൽ തെറ്റു പറ്റുന്നു. ഈ ഭൂമിയിലെ നക്ഷത്രങ്ങൾക്ക് തെറ്റുപറ്റാൻ കാരണം എന്താണ്? ഈശോ പറയുന്നു.'വിശുദ്ധലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ മനസ്സിലാക്കാത്തതിനാൽ നിങ്ങൾക്കു തെറ്റുപറ്റിയിരിക്കുന്നു." (മത്താ 22:29)

"അവർ തങ്ങളുടെ അനീതിയിൽ സത്യത്തെ തളച്ചിടുന്നു. ദൈവത്തെക്കുറിച്ച് അറിയാൻ കഴിയുന്നതൊക്കെ അവർക്കു വ്യക്തമായി അറിയാം. ദൈവം അവയെല്ലാം അവർക്കു വെളിപ്പെടുത്തിയിട്ടുണ്ട്. ലോകസൃഷ്ടി മുതൽ ദൈവത്തിന്റെ അദൃശ്യപ്രകൃതി, അതായത് അവിടുത്തെ അനന്തശക്തിയും ദൈവത്വവും സൃഷ്ടവസ്തുക്കളിലൂടെ സ്പഷ്ടമായി അറിഞ്ഞിട്ടുണ്ട്. അതുകൊണ്ട്, അവർക്ക് ഒഴികഴിവില്ല. അവർ ദൈവത്തെ അറിഞ്ഞിരുന്നെങ്കിലും അവിടുത്തെ ദൈവമായി മഹത്വപ്പെടുത്തുകയോ അവിടുത്തേക്കു നന്ദി പ്രകാശിപ്പിക്കുകയോ ചെയ്തില്ല. മറിച്ച്, അവരുടെ യുക്തിവിചാരങ്ങൾ നിഷ്ഫലമായിത്തീരുകയും വിവേകരഹിതമായ ഹൃദയം അന്ധകാരത്തിലാണ്ടുപോവുകയും ചെയ്തു. ജ്ഞാനികളെന്ന് അവകാശപ്പെട്ടുകൊണ്ട് അവർ ഭോഷന്മാരായിത്തീർന്നു. (റോമ 1: 18 – 22 )

ദൈവനിഷേധകന്റെ മൗഢ്യത്തെപ്പറ്റി സങ്കീർത്തകൻ പറയുന്നു. "ദൈവമില്ല എന്നു ഭോഷൻ തന്റെ ഹൃദയത്തിൽ പറയുന്നു. മ്ലേച്ഛതയിൽ മുഴുകി അവർ ദുഷിച്ചിരിക്കുന്നു. നന്മ ചെയ്യുന്നവരാരുമില്ല. ഈ അധർമികൾക്കു ബോധമില്ലേ? (സങ്കീ 53:1 ) മൃഗങ്ങളിൽ നിന്ന് വ്യത്യസ്തമായി വിശേഷ ബുദ്ധി നൽകിക്കൊണ്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്.

കൂടുതൽ മനുഷ്യരും ദൈവം, ദാനമായി നൽകിയ വിശേഷബുദ്ധി ഉപയോഗിക്കുന്നത് സമ്പത്തും സ്വന്തം സുഖസൗകര്യങ്ങളും വർദ്ധിപ്പിക്കാനും ശത്രുവിനെ നശിപ്പിക്കാനും സൃഷ്ടാവിനെ തള്ളിപ്പറയുന്നതിനുമാണെന്നതാണ് ദുഃഖകരമായ സത്യം. ഇത്തരക്കാരെപ്പറ്റി വി. യൂദാശ്ലീഹാ പറയുന്നു. 'വിശേഷ ബുദ്ധിയില്ലാത്ത മൃഗങ്ങളെപ്പോലെ, തങ്ങളുടെ ജന്മവാസനകൊണ്ടു മനസ്സിലാക്കുന്ന കാര്യങ്ങൾ വഴി അവർ മലിനരാവുകയും ചെയ്യുന്നു. അവർ വഴിതെറ്റിപ്പോകുന്ന നക്ഷത്രങ്ങളാണ്. അവർക്കുവേണ്ടി അന്ധകാര ഗർത്തങ്ങൾ എന്നേക്കും തയ്യാറാക്കപ്പെട്ടിരിക്കുന്നു." (യൂദാ 1:13)

പ്രപഞ്ചത്തിൽ വഴിതെറ്റിപ്പോകുന്ന നക്ഷത്രങ്ങൾ ചെന്നു പതിക്കുന്നത് അന്ധകാര ഗർത്തങ്ങൾ അഥവാ തമോഗർത്തങ്ങളിലാണ് (Black holes) എന്ന് കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. അങ്ങിനെ തമോഗർത്തങ്ങളിൽപതിക്കുന്ന നക്ഷത്രങ്ങൾ പിന്നീട് ഒരിക്കലും പുറത്തുവരികയോ പ്രകാശിക്കുകയോ ഇല്ല എന്ന് ശാസ്ത്രം പറയുന്നു. ഇപ്രകാരം ദൈവ നിഷേധകരായിത്തീരുന്നവരുടെ പാത പിന്തുടർന്ന് ഭോഷന്മാരായിത്തീർന്ന അനേകംപേർ. തങ്ങളുടെ ദൈവവിശ്വാസം നഷ്ടപ്പെടുത്തി അവിശ്വാസത്തിന്റെ തമോഗർത്തങ്ങളിൽ പതിക്കുന്നു. ദൈവീകവെളിച്ചം അവരിലേക്ക് കടന്നു ചെല്ലുന്നില്ല. പ്രപഞ്ചത്തിൽ വഴിതെറ്റിപ്പോകുന്ന നക്ഷത്രങ്ങൾക്ക് സംഭവിക്കുന്ന ഗതി ഇത്തരക്കാർക്കും സംഭവിക്കുന്നു. ഈശോ പറയുന്നു. 'മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറയുന്നവനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റു പറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപറയും." (മത്താ 10::22 – 33) നമുക്ക് നമ്മുടെ കർത്താവും ദൈവവുമായ യേശുവിലുള്ള ദൃഢമായ വിശ്വാസം ഏറ്റുപറയാം."

**കെ.ജെ. ജോണി, ഇടപ്പള്ളി**
സെന്റ്. വിൻസെന്റ് ഫാമിലി യൂണിറ്റ്



# സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതി വയ്ക്കുക

നിക്ഷേം കൂട്ടാൻ വേണ്ടി പരക്കം പായുന്നവരാണ് നാമോരോരുത്തരും. കൈകളിൽ കരുതൽ ധനം ഇല്ലാത്തവന് ഇന്ന് സ്വസ്ഥമായി സമാധാനത്തോടെ ഈ കരയിൽ ജീവിക്കാൻ പറ്റില്ല. ഒരു കുഞ്ഞൻ അണു വിചാരിച്ചാൽ മാറ്റിമറിക്കപ്പെടുന്ന ജീവിതം. പലതു കൊണ്ടും സമൃദ്ധമാണ് നമ്മുടെ ജീവിതം. എന്തിനു വേണ്ടി നാം സൃഷ്ടിക്കപ്പെട്ടുവോ അതിന്റെ ഉള്ളിലേക്ക് കടന്ന് ഫലം പുറപ്പെടുവിക്കാൻ നമുക്ക് കഴിയുന്നുണ്ടോ?

ദൈവവചനം എന്താണ് നമ്മോട് പറയുന്നത് ?

"ഭൂമിയിൽ നിക്ഷേപം കരുതി വയ്ക്കരുത് തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും. കള്ളന്മാർ തുരന്നു മോഷ്ടിക്കും. എന്നാൽ സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതി വയ്ക്കുക (മത്താ 6:19)

നിക്ഷേപങ്ങൾക്ക് കരുത്തേകുന്ന ആത്മാനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റേതുമായ കരുതൽ ധനം കൊണ്ട് സമ്പുഷ്ടമാകട്ടെ ജീവിത വിശുദ്ധീകരണത്തിന്റെ ഈ നോമ്പുകാലം

ഈ ലോകജീവിതത്തിലെ എന്റെ ഏറ്റവും വലിയ നിക്ഷേപം കുടുംബവും ബന്ധങ്ങളുമാണെന്ന് തിരിച്ചറിയാനുള്ള തുറവിയും പരിശുദ്ധാത്മകതയും നോമ്പിന്റെ പശ്ചാത്തലത്തിൽ നമുക്ക് വളർത്തിയെടുക്കാം. വെട്ടിയൊരുക്കപ്പെടാനും കൂടുതൽ ഫലം ചൂടാനുമുള്ള തയ്യാറെടുപ്പാക്കി വേദനയും, മുറിപ്പാടുകളും തിരുശേഷിപ്പുകളായിഅടയാളങ്ങളായി നമുക്ക് അവശേഷിപ്പിക്കാം.

എന്റെ അഹന്തയിൽ നിന്നും വരുന്ന അപരന്റെ ജീവിതത്തെ ദോഷകരമായി ബാധിക്കുന്ന ഒരു വാക്കും പ്രവർത്തിയും എന്റെ ജീവിതത്തിൽ ഉണ്ടാകാൻ പാടില്ല എന്ന നിലപാടിൽ ഉറച്ചു നിൽക്കുവാനും നന്മയുടെ വഴി നമ്മുടെ വഴിയായി പരിണമിപ്പിക്കുവാനും പരിശ്രമിക്കാം.

കുടുംബവും കുടുംബം പ്രധാനം ചെയ്യുന്ന മൂല്യങ്ങളും മാറ്റി നിർത്തിയാൽ ഈ ലോകം എത്രയോ സ്വാർത്ഥത നിറഞ്ഞതാകും എന്നു ചിന്തിച്ചിട്ടുണ്ടോ? സ്നേഹിക്കാനും പങ്കുവയ്ക്കാനും സഹിക്കാനും വിട്ടുവീഴ്ച ചെയ്യാനും മനുഷ്യൻ പഠിക്കുന്നത് കുടുംബങ്ങളിൽ നിന്നാണ്. ഇതിന് അവസരം ലഭിക്കാത്തവർ സ്വന്തം കാര്യം മാത്രം നോക്കുന്നവരും മറ്റുള്ളവരെ കുറിച്ചു കരുതൽ ഇല്ലാത്തവരുമായിത്തീരുന്നു.

ഈ ലോകത്ത് ജനിച്ച നിമിഷം മുതൽ നമ്മൾ പങ്കിടുന്ന ബന്ധമാണ് കുടുംബം. നമ്മളെ പരിപാലിക്കുകയും വളരാൻ സഹായിക്കുകയും ചെയ്യുന്ന ആളുകളെയാണ് നമ്മൾ കുടുംബം എന്ന് വിളിക്കുന്നത്. അവർ നമുക്ക് ജീവിക്കാനുള്ള ജീവരേഖകളായി മാറുന്നു. ഒരു പിന്തുണാ സംവിധാനവും പ്രോത്സാഹനത്തിന്റെ ഉറവിടവും നൽകുന്നതിനാൽ ഒരു വ്യക്തിയുടെ ജീവിതത്തിലെ വിജയപരാജയങ്ങൾ തീരുമാനിക്കുന്നതിൽ കുടുംബങ്ങൾക്ക് ഒരു പ്രധാന പങ്കുണ്ട്.

ഒരാളുടെ ജീവിതത്തിലെ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കാനുമുള്ള ഒരുസമയം കൂടിയാണിത്. രോഗമോ ദുരിതമോ വരുമ്പോൾ കുടുംബങ്ങളാണ് ആശ്വാസമേകുന്നത്. ഒറ്റക്ക് ജീവിക്കുന്നവർക്ക് സ്വകാര്യ ദുഃഖങ്ങൾ ആരോട് പങ്കുവയ്ക്കാനാകും? കുടുംബ ബന്ധങ്ങൾ വേണ്ട, മക്കൾ വേണ്ട, എന്നൊക്കെ ചിന്തിക്കുന്നവർ ഒരു നിമിഷം അതിന്റെ വിലയെക്കുറിച്ചുകൂടി ഓർമ്മിക്കുക. നമ്മുടെ കുടുംബങ്ങളെ പ്രതി ദൈവത്തിന് നന്ദി പറയുക.

നോമ്പുകാലത്തെ ഉപവാസം യേശുവിന്റെ പീഡാനുഭവത്തിൽ പങ്കുചേരാനും സ്വയം അച്ചടക്കത്തിനും ആത്മീയ വളർച്ചയ്ക്കും ഉള്ള ഒരു മാർഗ്ഗമായിട്ടാണ് നാം കാണുന്നത്. ഇന്ന് ചെയ്യേണ്ടത് ഇപ്പോൾ തന്നെ ചെയ്ത് സ്വർഗ്ഗസ്ഥനായ പിതാവിന്റെ പൂർണ്ണതയിലേക്ക് തീർത്ഥാടനം ചെയ്യുന്നവരായി നമുക്ക് മാറാം.

ദൈവീക തേജസ്സുകൊണ്ടും അനുതാപ ചൈതന്യം കൊണ്ടും നമ്മുടെ ജീവിതം വിശുദ്ധീകൃതമാകട്ടെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**തോമസ് ഡൊമിനിക്**
ഹോളി എഞ്ചൽസ് ഫാമിലി യൂണിറ്റ്



## ഇടപ്പള്ളി സെന്റ് ജോർജ്ജ് ഫൊറോന ദേവാലയത്തിൽ

## വി. ഗീവർഗ്ഗീസ് സഹദായുടെ

# തിരുനാൾ

## മഹാമഹം

**2023 മെയ് 3,4 ബുധൻ, വ്യാഴം**

### 25 ഏപ്രിൽ 2023 കൊടിയേറ്റം

| | | |
|---|---|---|
| 6.00 am | : | വി. കുർബാന |
| 7.00 am | : | വി. കുർബാന |
| 5.00 pm | : | ജപമാല |
| 5.30 pm | : | കൊടിയേറ്റം, സാൽവേ ലദീഞ്ഞ്, നൊവേന, വാഴ്‌വ് (പഴയ ദേവാലയം) |
| കാർമ്മികൻ | : | റവ. ഫാ. ആന്റണി മടത്തുംപടി (കപ്ലോൻ വികാരി) |
| തുടർന്ന് | : | വി. കുർബാന - റവ. ഫാ. സാൻജോ കണ്ണമ്പിള്ളി |
| 8.00 pm | : | കലാസന്ധ്യ (ഫ്യൂഷൻ) |

### 26 ഏപ്രിൽ 2023

| | | |
|---|---|---|
| 6.00 am | : | വി. കുർബാന |
| 7.00 am | : | വി. കുർബാന |
| 5.00 pm | : | ജപമാല, സാൽവേ ലദീഞ്ഞ്, നൊവേന, വാഴ്‌വ് |
| തുടർന്ന് | : | വി. കുർബാന - റവ. ഡോ. റിജു വെളിയിൽ |

### 27 ഏപ്രിൽ 2023

| | | |
|---|---|---|
| 6.00 am | : | വി. കുർബാന |
| 7.00 am | : | വി. കുർബാന |
| 5.00 pm | : | ജപമാല, സാൽവേ ലദീഞ്ഞ്, നൊവേന, വാഴ്‌വ് |
| തുടർന്ന് | : | വി. കുർബാന - റവ. ഫാ. ജിനു ചെത്തിമറ്റം |

### 28 ഏപ്രിൽ 2023

| | | |
|---|---|---|
| 6.00 am | : | വി. കുർബാന |
| 7.00 am | : | വി. കുർബാന |
| 12.00 pm | : | വി. കുർബാന - റവ. ഫാ. ജോമോൻ മാടവനക്കാട് |
| 5.00 pm | : | ജപമാല, സാൽവേ ലദീഞ്ഞ്, നൊവേന, വാഴ്‌വ് |
| തുടർന്ന് | : | വി. കുർബാന - റവ. ഡോ. ജോഫി തോട്ടങ്കര |

### 29 ഏപ്രിൽ 2023

| | | |
|---|---|---|
| 6.00 am | : | വി. കുർബാന |
| 7.00 am | : | വി. കുർബാന |
| 5.00 pm | : | ജപമാല, സാൽവേ ലദീഞ്ഞ്, നൊവേന, വാഴ്‌വ് |
| തുടർന്ന് | : | വി. കുർബാന -റവ. ഫാ. അരുൺ കോച്ചേക്കാടൻ CMI |

### 30 ഏപ്രിൽ 2023

| | | |
|---|---|---|
| 5.45 am | : | വി. കുർബാന |
| 7.00 am | : | വി. കുർബാന |
| 8.45 am | : | വി. കുർബാന |
| 10.15 am | : | വി. കുർബാന |
| തുടർന്ന് | : | വി. കുർബാന - റവ. ഫാ. അജിത്ത് മറ്റപ്പിള്ളി VC |
| 4.30 pm | : | വി. കുർബാന (English) റവ. ഫാ. ജോയി പഞ്ഞിക്കാരൻ MST |
| 5.30 pm | : | ജപമാല, സാൽവേ ലദീഞ്ഞ്, നൊവേന, വാഴ്‌വ് (പഴയ ദേവാലയം) |
| തുടർന്ന് | : | വി. കുർബാന - റവ. ഡോ. അബ്രാഹം ഓലിയപ്പുറം |

### 01 മെയ് 2023 - തിരുസ്വരൂപം എഴുന്നള്ളിക്കൽ

| | | |
|---|---|---|
| 5.45 am | : | വി. കുർബാന (പുതിയ ദേവാലയം) |
| 7.00 am | : | ആഘോഷമായ സുറിയാനി കുർബാന (പഴയ ദേവാലയം) റവ. ഫാ. പോൾസൺ പെരേപ്പാടൻ |
| 9.00 am12.00 pm | : | വി. ഗീവർഗ്ഗീസ് സഹദായുടെ തിരുസ്വരൂപത്തിൽ സ്വർണ്ണാഭരണം അണിയിക്കൽ (തിരുസ്വരൂപത്തിൽ സ്വർണ്ണാഭരണം അണിയിക്കാൻ സൗകര്യം ഉണ്ടായിരിക്കുന്നതാണ്) |
| 12.30 pm | : | വി. കുർബാന - റവ. ഫാ. ടോണി മാണിക്ക്യത്താൻ |
| 4.00 pm | : | ജപമാല |
| 4.30 pm | : | വി. ഗീവർഗ്ഗീസ് സഹദായുടെ തിരുസ്വരൂപം ആഘോഷമായി എഴുന്നള്ളിക്കൽ |
| തുടർന്ന് | : | സാൽവേ ലദീഞ്ഞ്, നൊവേന, വാഴ്‌വ് (കപ്ലോൻ വികാരി) |
| തുടർന്ന് | : | വി. കുർബാന - റവ. ഫാ. ജേക്കബ് കാച്ചപ്പിള്ളി |

### 02 മെയ് 2023

| | | |
|---|---|---|
| 6.00 am | : | വി. കുർബാന (പുതിയ ദേവാലയം) റവ. ഫാ. പ്രദീഷ് പാലമൂട്ടിൽ |
| 7.00 am | : | ലൈത്തോരന്മാരുടെ വാഴ്ച വി. കുർബാന-റവ. ഫാ. ആന്റണി മടത്തുംപടി (കപ്ലോൻ വികാരി) പ്രസുദേന്തി തിരഞ്ഞെടുപ്പ് |
| 4.30 pm | : | ജപമാല, പ്രസുദേന്തി വാഴ്ച, സാൽവേ ലദീഞ്ഞ്, നൊവേന, വാഴ്‌വ് |
| തുടർന്ന് | : | വി. കുർബാന - റവ. ഫാ. കുര്യാക്കോസ് ഇരവിമംഗലം |

### 03 മെയ് 2023 - വേസ്പരദിനം

| | | |
|---|---|---|
| 6.00 am | : | വി. കുർബാന (പുതിയ ദേവാലയം) |
| 7.00 am | : | വി. കുർബാന (പഴയ ദേവാലയം) |
| 10.00 am | : | ആഘോഷമായ തിരുനാൾ പാട്ടുകുർബാന (പഴയ ദേവാലയം) |
| കാർമ്മികൻ | : | റവ. ഫാ. സിന്റോ ചീരകത്തിൽ |
| പ്രസംഗം | : | റവ. ഫാ. അഗസ്റ്റിൻ കല്ലേലി |
| 3.00 pm | : | വി. കുർബാന (ലാറ്റിൻ) (പുതിയ ദേവാലയം) റവ. ഫാ. ടോം പന്നലക്കുന്നേൽ |
| 4.00 pm | : | ആഘോഷമായ വേസ്പര |
| കാർമ്മികൻ | : | റവ. ഫാ. തോമസ് പെരുമായൻ |
| പ്രസംഗം | : | റവ. ഡോ. ബിജു പെരുമായൻ |
| തുടർന്ന് | : | പട്ടണ പ്രദക്ഷിണം |
| തുടർന്ന് | : | വി. കുർബാന - റവ. ഫാ. ടോണി മാളിയേക്കൽ |

### 04 മെയ് 2023 - തിരുനാൾ ദിനം

| | | |
|---|---|---|
| 5.00 am | : | വി. ഗീവർഗ്ഗീസ് സഹദായുടെ തിരുസ്വരൂപം പന്തലിലേക്ക് എഴുന്നള്ളിച്ചു വയ്ക്കൽ |
| 5.45 am | : | വി. കുർബാന - ഫാ. നിഖിൽ പടയാട്ടി |
| 7.00 am | : | വി. കുർബാന - റവ. ഫാ. ആന്റണി മടത്തുംപടി |
| 9.00 am | : | വി. കുർബാന - റവ. ഫാ. സെബാസ്റ്റ്യൻ വാഴപ്പിള്ളി |
| 10.30 am | : | ആഘോഷമായ തിരുനാൾ പാട്ടുകുർബാന |
| കാർമ്മികൻ | : | റവ. ഫാ. തോമസ് മങ്ങാട്ട് |
| പ്രസംഗം | : | റവ. ഡോ. മാർട്ടിൻ കല്ലുങ്കൽ |
| 12.30 pm | : | വി. കുർബാന - (ലാറ്റിൻ) റവ. ഫാ. ബിബിൻ തറേപറമ്പിൽ |
| 3.00 pm | : | വി. കുർബാന - (മലങ്കര) റവ. ഫാ. ടോണി കൊഴിമണ്ണിൽ |
| | : | പട്ടണ പ്രദക്ഷിണം (തിരുസ്വരൂപം 9.00 pm വരെ പുതിയ പള്ളിയിൽ) |
| 7.30 pm | : | വി. കുർബാന - റവ. ഫാ. സിമോജ് ചക്യേത്ത് |
| 10.30 pm | : | വിശുദ്ധന്റെ തിരുസ്വരൂപം പഴയ പള്ളിയിലേക്ക് എടുത്തുവയ്ക്കുന്നു. |

### 05 മെയ് 2023 - മരിച്ചവരുടെ ഓർമ്മദിനം

| | | |
|---|---|---|
| 5.45 am | : | വി. കുർബാന – റവ. ഫാ. ജോൺ പോൾ തെറ്റയിൽ |
| 7.00 am | : | മരിച്ചവർക്ക് വേണ്ടിയുള്ള റാസ റവ. ഫാ. ജെറ്റോ തോട്ടുങ്കൽ |
| 9.00 am | : | വി. കുർബാന – റവ. ഫാ. ആന്റണി പരവര |
| 10.30 am | : | വി. കുർബാന – റവ. ഫാ. ജസ്റ്റിൻ കൈപ്രമ്പാടൻ |
| 12.00 pm | : | വി. കുർബാന – റവ. ഫാ. കോളിൻസ് ഇലഞ്ഞിക്കൽ |
| 3.30 pm | : | വി. കുർബാന – റവ. ഫാ. അഖിൽ തിരുതനത്തിൽ CMI |
| 5.00 pm | : | വി. കുർബാന - റവ. ഫാ. സനു പുതുശ്ശേരി |
| 7.00 pm | : | വി. കുർബാന – റവ. ഫാ. ജോർജ്ജ് പാറയ്ക്ക ORC |

### 10 മെയ് 2023 - എട്ടാമിടം

| | | |
|---|---|---|
| 6.00 am | : | വി. കുർബാന |
| 7.00 am | : | വി. കുർബാന റവ. ഫാ. ജോസ് കൊളുത്തുവെള്ളിൽ |
| 9.00 am | : | വി. കുർബാന - റവ. ഫാ. ജോയി കോലഞ്ചേരി |
| 10.00 am | : | വി. കുർബാന - റവ. ഫാ. ജോൺ തൈപറമ്പിൽ |
| 5.30 pm | : | ആഘോഷമായ പാട്ടുകുർബാന, ലദീഞ്ഞ്, വാഴ്‌വ് റവ. ഡോ. സെബാസ്റ്റ്യൻ കളപുരയ്ക്കൽ |


### 11 മെയ് 2023 - എട്ടാമിടം

| | | |
|---|---|---|
| 5.00 am | : | വി. ഗീവർഗ്ഗീസ് സഹദായുടെ തിരുസ്വരൂപം പന്തലിലേക്ക് എഴുന്നള്ളിച്ചു വയ്ക്കൽ |
| 6.00 am | : | വി. കുർബാന |
| 7.00 am | : | വി. കുർബാന - റവ. ഫാ. ജോസ് പൊള്ളയിൽ |
| 9.00 am | : | വി. കുർബാന - റവ. ഫാ. തോമസ് ചില്ലയ്ക്കൽ |
| 10.30 am | : | ആഘോഷമായ പാട്ടുകുർബാന |
| കാർമ്മികൻ | : | റവ. ഫാ. ആന്റണി പുതുശ്ശേരി CMI |
| പ്രസംഗം | : | റവ. ഫാ. തോമസ് പൈനാടത്ത് |
| 5.00 pm | : | വി. കുർബാന - റവ. ഫാ. ജോസഫ് തെക്കിനേടത്ത് തുടർന്ന് പ്രദക്ഷിണം |
| 8.30 pm | : | വി. കുർബാന - റവ. ഫാ. ആന്റണി വാഴക്കാല |
| 10.30 pm | : | വിശുദ്ധന്റെ തിരുസ്വരൂപം പഴയ പള്ളിയിലേക്ക് എടുത്തുവയ്ക്കുന്നു. |

### 15 മെയ് 2023

| | | |
|---|---|---|
| 6.00 am | : | വി. കുർബാന |
| 7.00 am | : | വി. കുർബാന |
| 10.00 am | : | വിശുദ്ധന്റെ തിരുസ്വരൂപം അൾത്താരയിലേക്ക് എടുത്തുവയ്ക്കുന്നു. (തിരുസ്വരൂപത്തിൽ സ്വർണ്ണാഭരണം അണിയിക്കാൻ സൗകര്യം ഉണ്ടായിരിക്കുന്നതാണ്) തുടർന്ന് കൊടിയിറക്കം |

# ഓർമ്മയ്ക്കായ്



**പാപ്പു വി. പരവര** **ത്രേസ്യാമ്മ പാപ്പു**

**പരവര**

## പരവര കുടുംബാംഗങ്ങളുടെ തിരുനാൾ ആശംസകൾ











ഏവർക്കും എന്റെയും കുടുംബാംഗങ്ങളുടെയും

# തിരുനാൾ മംഗളങ്ങൾ





## 1st
## Holy Communion of
## AUGUSTA ANTONY PARAVARA
## (ANN MARY)

St. George Forane Church
Edappally
15.04.2023



# ഇടപ്പള്ളി തിരുനാളിന്റെ
# നാൾവഴികളിലൂടെ

വ്യത്യസ്തമായ ആചാരാനുഷ്ടാനങ്ങൾ കൊണ്ട് സവിശേഷമാണ് ഇടപ്പള്ളിയിലെ തിരുനാൾ. കൊടികയറുന്നതിനു മുമ്പ് 101 തരം പലഹാരങ്ങൾ സജ്ജീകരിച്ച് തിരുനാൾ പ്രസുദേന്തിയും മുൻ പ്രസുദേന്തിമാരും ദർശനസമൂഹാംഗങ്ങളും ചേർന്ന് വികാരിയച്ചനെ കൊടികയറ്റത്തിനുക്ഷണിക്കുന്ന വിശേഷചടങ്ങ് ഏപ്രിൽ 25 നാണ്. ദേവാലയം സ്ഥിതിചെയ്യുന്ന സ്ഥലവും പ്രദക്ഷിണവഴികളും ഇളങ്ങല്ലൂർ സ്വരൂപത്തിൽ നിന്നും ഇടപ്പള്ളിരാജാവ് കരമൊഴിവായി ദാനമായി നല്കിയതാണ്. തിരുനാളിന് കൊടികയറുന്നതിനുമുമ്പായി ഇടവകാംഗങ്ങൾ കാഴ്ചവസ്തുക്കളുമായി രാജസന്നിധിയിൽ ചെന്ന് കൊടികയറ്റുന്നതിനുള്ള അനുവാദം ചോദിക്കുന്ന പതിവുണ്ടായിരുന്നു. അനുവാദം നല്കുന്നതോടൊപ്പം കൊടികയറ്റുന്നതിനുള്ള കൊടിമരവും നല്കിയാണ് രാജാവ് ഇടവകാംഗങ്ങളെ പറഞ്ഞയയ്ക്കുക. ഈ കൊടിമരം കൊട്ടാരംവക ആനയാണ് പള്ളിയിലെത്തിച്ചിരുന്നത്. ഈ പാരമ്പര്യത്തിന്റെ ഓർമയാചരണമാണ് ഇന്നും ഈ പതിവുനിലനിർത്തുന്നത്. തിരുനാൾ മെയ് മൂന്ന്, നാല് തീയതികളിൽ ആഘോഷമായ നാലങ്ങാടി പ്രദക്ഷണത്തോടുകൂടി കൊണ്ടാടും. മെയ് ഒന്നിനു നടക്കുന്ന രൂപമെഴുന്നള്ളത്ത് വളരെ പ്രസിദ്ധമാണ്. തിരുവാഭരണങ്ങൾ ചാർത്തിയ വിശുദ്ധ ഗീവർഗീസിന്റെ തിരുസ്വരൂപം രഥത്തിലാണ് എഴുന്നള്ളത്ത്. രഥത്തിൽ വിശുദ്ധഗ്രന്ഥ ചിത്രങ്ങൾ ആലേഖനം ചെയ്തിരിക്കും. മലരും പൊരിയും വെറ്റിലയും വിതറി ഭക്തർ വിശുദ്ധനെ എതിരേൽക്കും.

ഇടപ്പള്ളിയിലെ കോഴിനേർച്ച കീർത്തികേട്ടതാണ്. സർപശല്യത്തിൽ നിന്നും മുക്തിപ്രാപിക്കുന്നതിന് ഇടപ്പള്ളിപുണ്യവാളന് കോഴിനേർച്ചനൽകുന്ന പതിവും വിദൂരങ്ങളിലും പ്രചരിക്കപ്പെട്ടിട്ടുണ്ട്. മാറാരോഗങ്ങളിൽ നിന്നു രക്ഷനേടുന്നതിനും വിശുദ്ധന് കോഴിയെകാണിക്കയർപ്പിച്ചുവരുന്നു. നേർച്ചയായിലഭിക്കുന്ന കേഴികളെ ലേലംചെയ്യുകയാണു പതിവ്. സ്വർണത്തിലും വെള്ളിയിലും തീർത്ത ആൾരൂപങ്ങളും പാമ്പ്, മുട്ട എന്നിവയും നേർചകളായി നല്കുന്നുണ്ട്. ഇവിടുത്തെ കിണറ്റിലെ വെള്ളം രോഗമുക്തി നേടുന്നതിനു വേണ്ടി ജനങ്ങൾ ഉപയോഗിച്ചുവരുന്നു.

**തെക്കേപ്പള്ളി**

ഇതിന്റെ സ്ഥാപനത്തെപ്പറ്റിയും ഒരു ചരിത്രമുണ്ട്. ക്രിസ്ത്യാനികളുടെ കച്ചവട സൗകര്യത്തിനുവേണ്ടി ഇടപ്പള്ളി രാജാവിന്റെ നിർദ്ദേശാനുസരണമാണ് ഇടപ്പള്ളി അങ്ങാടി രൂപം കൊണ്ടത്. നൂറ്റാണ്ടുകൾക്കു മുമ്പ് ഇടപ്പള്ളിയുടെയും പ്രാന്തപ്രദേശങ്ങളുടെയും സിരാകേന്ദ്രമായിരുന്നു ഇടപ്പള്ളി അങ്ങാടി. കൊച്ചിയിലെ പോർച്ചുഗീസ് സൈന്യം അങ്ങാടി കൊള്ളയടിക്കുകയും ചുട്ടുകരിക്കുകയും ചെയ്തു. 1536 സെപ്തംബറിൽ പോർച്ചുഗീസ് പടത്തലവൻ മാർട്ടിൻ അൽഫോൻസസ് ഡിസൂസയാണ് ഇടപ്പള്ളി അങ്ങാടിക്ക് തീ വച്ചതെന്ന് കൊച്ചി രാജ്യചരിത്രത്തിൽ കാണുന്നു. പിന്നീട് അങ്ങാടി പുതുക്കിപ്പണിതു.

1536 ൽ അൽഫോൻസസ് ഡിസൂസ കൊച്ചി രാജാവിന്റെയും പോർട്ടുഗീസുകാരുടെയും സംയുക്ത സൈന്യത്തെ സാമൂതിരിയോടൊപ്പം നിന്നു എതിർത്ത ഇടപ്പള്ളിരാജാവിന് എതരെയുള്ള മുന്നേറ്റത്തിനിടയിൽ ഇടപ്പള്ളി മുസ്ലീം പള്ളിയിൽ വച്ചുണ്ടായ ഏറ്റുമുട്ടലിൽ മരിച്ചു എന്ന് കൊച്ചി രാജ്യചരിത്രത്തിൽ പറയുന്നു. പ്രസ്തുത യുദ്ധത്തിൽ മരിച്ചവരുടെ സംസ്കാരം നടത്തിയത് തെക്കെ പള്ളിയുടെ സ്ഥാനത്താണ്. 1536 ൽ പോർച്ചുഗീസുകാർ ഇവിടെ വി. പത്രോസിന്റെയും വി. പൗലോസിന്റെയും നാമത്തിൽ ഒരു ദേവാലയം പണിതു. പ്രസ്തുത ദേവാലയത്തിൽ ഉണ്ടായിരുന്നതെന്നു പറയപ്പെടുന്ന വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ പ്രതിമകൾ ഇടപ്പള്ളിയിലെ പഴയ പള്ളിയിൽ സൂക്ഷിച്ചു വരുന്നു.

പോർച്ചുഗീസുകാർ പണിത ഈ ദേവാലയം പിൽക്കാലത്ത് ജീർണ്ണിച്ചു പോയി. പിന്നീട് അത് പുതുക്കിപ്പണിയാൻ എറണാകുളം രൂപതാ മെത്രാനായിരുന്ന മാർ ലൂയിസ് പാഴേപറമ്പിൽ അനുവാദം നൽകുകയും 1916 ൽ മർത്തമറിയത്തിന്റെ നാമത്തിൽ ഇടപ്പള്ളിക്കാർ അതിനെ പുതുക്കിപ്പണിയുകയും ചെയ്തു. ഞങ്ങൾ മാതാവിന്റെ മക്കളാണ്. മാതാവ് ദൈവജനനിയാണ് എന്നു സമർത്ഥിക്കുന്നതിന് നെസ്തോറിയൻകാരെ വെല്ലുവിളിച്ചുകൊണ്ട് പണിയപ്പെട്ടതാണ് ഈ ദേവാലയമെന്ന് പറയപ്പെടുന്നു. ഈ ദേവാലയം പുതുക്കിപ്പണിഞ്ഞത് അറിഞ്ഞപ്പോൾ 1917 ൽ പോർച്ചുഗൽ രാജ്ഞി ഉണ്ണീശോയുടെ രൂപം ഇവിടേക്ക് അയച്ചുകൊടുത്തു. പ്രസ്തുത രൂപം ഈ പള്ളിയിൽ പ്രതിഷ്ഠിക്കുകയും ചെയ്തു.



## 2023 ഫെബ്രുവരി 5
# ഉണ്ണീശോയുടെ തിരുനാൾ ഓർമകളിലൂടെ



## സ്വാഗതം



ഫാ. നിഖിൽ പടയാട്ടിലിന്
സെന്റ് ജോർജ്ജ് ഇടപ്പള്ളി ഇടവകയിലേക്ക്
സ്വാഗതം

## നന്ദി



സെന്റ് ജോർജ്ജ് ഇടപ്പള്ളി ഇടവകയിൽ
സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച
ഫാ. സിന്റോ ചീരകത്തിലിന് നന്ദി

# വിശുദ്ധവാര തിരുക്കർമ്മങ്ങൾ









# ആദ്യകുർബാന സ്വീകരണം



NAVYA GROUP SINCE 1984

AN ISO 22000-2018 FSMS & HACCP CERTIFIED COMPANY

order online
www.navyabakers.com

SINCE 1984

# NAVYA FRESH BAKED EVERYDAY

NAVYA Bake Shop®

The Tempting Taste

# പെരുന്നാൾ ആശംസകൾ

## FARM FRESH COW MILK AVAILABLE

0% TRANSFAT | NO ADDED PRESERVATIVES | 100% NATURAL FLAVOUR | 100% NATURAL COLOUR

BIRTHDAYS
WEDDINGS
BABY SHOWERS
HOLY COMMUNION
PRODUCT LAUNCHES

## Edapally

**Pallipadan Tresas Centre**
**Market Road**

**Call: 9496 001 365**




bake@navyabakers.com | order online | WWW.NAVYABAKERS.COM

*For any feedback or complaints, please contact our customer care executive: +91 484 2616 489 | +91 9496 001 250*

Navya Bakes & Confectioneries India Pvt. Ltd., Karukutty, Angamaly - 683 576, Ernakulam, Kerala, India

AN ISO 22000-2018 FSMS & HACCP CERTIFIED COMPANY

NAVYA PATISSERIE | Z'ST BISTRO | kokki AUTHENTIC SURIYANI TASTE RESTAURANT | ROOMS | NAVYA Farms | NAVYA AGENCIES


see smart
Eyewear & Eyecare
മിതമായ നിരക്കിലും
മികച്ച ഓഫറുകളോടും കൂടി
മിഴിവാർന്ന
കണ്ണടകൾ
നിങ്ങൾക്കരികിൽ...
Consultant Ophthalmologist
Dr. R. SREEKALA
BSC, MBBS, DO. | TCME Reg: No: 13851
Monday, Wednesday, Friday (4.30 PM To 6.30 PM)
0484 3500925
90480 95959
www.seesmart.in
Near Changampuzha Park Metro Station
Raghavan Pillai Rd, Edappally,
Ernakulam - 682 024



## സ്വർഗ്ഗീയ സന്നിധിയിൽ
## 30–ാം വർഷം

### ആഗസ്തി അഗസ്റ്റിൻ
**കോലോത്തുംവീട്ടിൽ**

ജനനം: 06.07.1926

മരണം: 05.05.1993

## സ്നേഹസ്മരണയ്ക്ക്

3-ാം ചരമവാർഷികം



### ആനി ജോസഫ്
### കണ്ണംപുഴ


ജനനം : 26.04.1943

മരണം: 7.05.2020


Wedding Wishes
15 FEBRUARY 2023
NIJO JOY
ALUNGAL
&
STEFFY GEORGE
NEREVEETTIL

# സ്നേഹസ്മരണയ്ക്ക്

**46–ാം ചരമ വാർഷികം**



**വർക്കി ചുമ്മാർ**

**1–ാം ചരമ വാർഷികം**



**മേരി വർക്കി**




**തോമസ് ചുമ്മാർ (സോമൻ)**

**ജനനം : 10–04–1938**

**മരണം : 29–03–2003**

## തായങ്കേരി, ഇടപ്പള്ളി

# സ്നേഹം




നിദ്രയാൽ കൺതടങ്ങൾ അടയുമ്പോഴും
പ്രഭാതത്തിൽ മിഴികൾ തുറക്കുമ്പോഴും
ഹൃദയത്തിൻ സ്പന്ദനം നിലയ്ക്കുവോളം ദൈവമേ അങ്ങയെ ഞാൻ
സ്തുതിച്ചീടുമേ

ഇളം കാറ്റിൻ തലോടൽ ഏൽക്കുംപോലെ
ഇളം മഞ്ഞിൻ കുളിർമ തഴുകുംപോലെ
പൂവിന്റെ സുഗന്ധം നുകരുംപോലെ
അവിടുത്തെ ഞാൻ അനുഭവിച്ചീടും

പരിമള തൈലത്തിൻ സുഗന്ധംപോലെ
വയലിലെ ലില്ലിതൻ അഴകുപോലെ
പൈതലിന്റെ അഴകുള്ള ചിരിപോലെ
അഴ കാണു നാഥാ നിൻ സ്നേഹം

ചാട്ടവാറടിയേറ്റു പുളഞ്ഞപ്പോഴും
മുൾമുടി ശിരസ്സിൽ തറച്ചപ്പോവും
ആണികൾ അടച്ചങ്ങു തുളച്ചപ്പോഴും
കുന്തത്താൽ മാറങ്ങു പിളർന്നപ്പോഴും

കുരിശിൻമേൽ തൂങ്ങി നീ കിടന്നപ്പോഴും
ക്ഷമിക്കാനും സ്നേഹിക്കാനും

പഠിപ്പിച്ചില്ലേ അതാണെന്റെ-
തമ്പുരാനെ നിന്റെ സ്നേഹം

**സാലി മാത്യു കൈതയ്ക്കൽ**
സെന്റ് ആൻണീസ് യൂണിറ്റ്

**ജൂൺ മാസത്തെ**
**ഫാമിലി യൂണിറ്റിൽ വായിക്കേണ്ട ബൈബിൾ ഭാഗം:**
**യോഹന്നാൻ 19:28 – 37**


## ലിറ്റിൽ ഫ്ളവർ കുടുംബ യൂണിറ്റ് – ഓർഫനേജ് സന്ദർശനം നടത്തി

ലിറ്റിൽ ഫ്ളവർ കുടുംബ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 19, ഞായറാഴ്ച വരാപ്പുഴ തുണ്ടത്തും കടവിലുള്ള കഫർണാം ഓർഫനേജ് യൂണിറ്റ് അംഗങ്ങളുടെ സജീവ പങ്കാളിത്തത്തോടെ സന്ദർശിച്ചു. ക്രിസ്തുമസ് നോയമ്പിൻെറ ത്യാഗത്തിന്റെ ഒരംശമായി യുണിറ്റ് അംഗങ്ങൾ നൽകിയ 16,000 രൂപ, വസ്ത്രങ്ങൾ എന്നിവ കഫർണാം രക്ഷാധികാരി റവ. സി. ജൂലിയറ്റിനു കൈമാറി. യൂണിറ്റ് അംഗങ്ങൾ കാഫർണാം അന്തേവാസികളോടൊപ്പം ഉച്ച ഭക്ഷണം കഴിക്കുകയും, സമയം ചിലവിടുകയും ചെയ്തു. അന്തേവാസികളായ കുട്ടികൾ മനോഹരമായ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.



## പിതാവിന്റെ പക്കലേക്ക്

| നം. | വീട്ടുപേര് | പേര് | മരണ തീയതി |
|---|---|---|---|
| 1. | പള്ളിപ്പാടൻ | മേരി | 11-01-2023 |
| 2. | പാറയ്ക്കൽ | ആന്റണി | 20-02-2023 |
| 3. | മേട്ടയിൽ | അനില | 29-01-2023 |
| 4. | എരിത്തേരി | ലില്ലി | 08-02-2023 |
| 5. | ആഞ്ഞിലി | ജേക്കബ് | 03-02-2023 |
| 6. | കടങ്ങൽ | ഓംസി | 16-03-2023 |
| 7. | പടത്തുപറമ്പിൽ | തോമസ് | 22-03-2023 |
| 8. | കിഴക്കേ കണിശ്ശേരിൽ | നാൻസി | 27-03-2023 |
| 9. | ഇടായാടിൽ | ടെസമ്മ | 30-05-2023 |
| 10. | മാവേലിൽ | ദീനാമ്മ | 03-04-2023 |
| 11. | മുണ്ടകത്തിൽ | ജോസ് | 10-04-2023 |



# സി.എൽ.സി. വാർത്തകൾ

» ജനുവരി മാസം 15ന്, ഡൽഹി - ഫരീദാബാദ് സഹായ മെത്രാൻ ജോസ് പുത്തൻവീട്ടിൽ പിതാവ് സി.എൽ.സി യുടെ റൂം സന്ദർശിച്ചു. സി.എൽ.സി ഭാരവാഹികൾ പൂച്ചെണ്ടുകൾ നൽകി പിതാവിനെ സ്വാഗതം ചെയ്യുകയും, പിതാവ് എല്ലാ സി.എൽ.സി അംഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

» ജനുവരി മാസം 22ന്, ഇടവകയിൽ നിന്നും സ്ഥലം മാറി പോയ സിന്റോ അച്ചന് യാത്രാമംഗളങ്ങൾ നേരുകയും നന്ദി സൂജകമായി മൊമെന്റോ നൽകുകയും ചെയ്തു.

» ഫെബ്രുവരി മാസം 12ന്, മീറ്റിങ്ങിനു ശേഷം11 മണിയോടുകൂടി സി എൽ സി ഭാരവാഹികളും അതിരൂപത പ്രസിഡൻറും അംഗങ്ങളും കൂടി ചേർന്ന് +2 ക്യാറ്റികിസം കുട്ടികളുടെ ഫെയർവെൽ പ്രോഗ്രാമിൽ പങ്കെടുക്കുകയും ഇൻവിറ്റേഷൻ കാർഡുകൾ കൊടുത്ത് അവരെ സി.എൽ സി യിലേക്ക് ക്ഷണിക്കുകയും ചെയ്തു.


» ഫെബ്രുവരി മാസം 19ന് , ഈ വർഷം ബോർഡ് എക്സാമിന് തയ്യാറെടുക്കുന്ന കുട്ടികൾക്കായി തെക്കേ പള്ളിയിൽ വച്ച് നടത്തിയ പ്രാർത്ഥനയ്ക്ക് ശേഷം പേനയും കൊന്തയും നൽകി എല്ലാവർക്കും പ്രാർത്ഥനാശംസകൾ നേർന്നു.

» ഫെബ്രുവരി മാസം 25 മുതൽ വലിയ നോമ്പ് കാലത്തെ എല്ലാ ശനിയാഴ്ചകളിലും വൈകിട്ട് ആറു മണിയുടെ കുർബാനയ്ക്കുശേഷം സി.എൽ.സി അംഗങ്ങളുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തുകയുണ്ടായി. കുരിശിന്റെ വഴിക്ക് ശേഷം നേർച്ചയായി ഉണ്ണിയപ്പം നൽകുകയും ചെയ്തു.

» മാർച്ച് മാസം 11ന്, ശനിയാഴ്ച, വരാപ്പുഴ തുണ്ടത്തുംകടവ് സെന്റ് മേരീസ് പള്ളിയിലെ പുതിയ വികാരിയായി ചാർജ്ജ് എടുക്കാൻ പോയ സിന്റോ അച്ചനെ അനുഗമിക്കുകയും എല്ലാവിധ ആശംസകൾ നേരുകയും ചെയ്തു.

» മാർച്ച് മാസം 19ന്, ഔസേപ്പിതാവിന്റെ മരണ തിരുനാളിനോട് അനുബന്ധിച്ച് നടത്തിയ നേർച്ച സദ്യക്കുവേണ്ടിയുള്ള ഒരുക്കങ്ങളിലും വിതരണത്തിലും സി.എൽ.സി അംഗങ്ങൾ പങ്കെടുക്കുകയും വേണ്ട സഹായ സഹകരണങ്ങൾ നൽകുകയും ചെയ്തു.










# യൂദിത്ത് ഫോറം

യൂദിത്ത് ഫോറത്തിന്റെ യോഗം 2023 ഫെബ്രുവരി മുതൽ എല്ലാ മാസങ്ങളിലും ആദ്യത്തെ ഞായറാഴ്ചയായിരിക്കും എന്ന തീരുമാനം എല്ലാ അംഗങ്ങളേയും അറിയിച്ചു. ഫെബ്രുവരി 5 -ാം തിയതി നടന്ന യോഗത്തിൽ പുതിയതായി വന്ന ബഹു. കൊച്ചച്ചൻ ഫാ. നിഖിൽ പടയാട്ടിയുടെ അദ്ധ്യക്ഷതയിൽ മിനി പാരിഷ് ഹാളിൽ വെച്ച് പ്രാർത്ഥനയോട് കൂടി ആരംഭിച്ചു. കോർഡിനേറ്റർ ശ്രീമതി മേരി ലോനപ്പൻ കൊച്ചച്ചനേയും എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. സെക്രട്ടറി ഷീല ജോയ് റിപ്പോർട്ട് വായിക്കുകയും പാസാക്കുകയും ചെയ്തു.

മാർച്ച് മാസത്തിൽ നടന്ന യോഗത്തിൽ ബഹു. ആനിമേറ്റർ സിസ്റ്റർ ദീപ്തി അദ്ധ്യക്ഷയായിരുന്നു. ഫൊറോന കോർഡിനേറ്റർ ശ്രീമതി നാൻസി ദേവസിയുടെ നിർദേശാനുസരണം നമ്മുടെ ഇടവകയിലെ യൂദിത്ത് കൂട്ടായ്മയുടെ പ്രവർത്തനങ്ങളും ഫൊറോന തലത്തിലെ യൂദിത്തിന്റെ പ്രവർത്തനങ്ങളും ഏകീകരിക്കുവാൻ വേണ്ടി ശ്രീമതി ഗ്രേസി ആന്റണിയേയും ശ്രീമതി ചിന്നമ്മ ജോർജിനേയും തിരഞ്ഞെടുത്തു.

നമ്മുടെ കൂട്ടായ്മയിലെ ഒരംഗത്തിന്റെ മക്കൾക്ക് ഒരു വർഷത്തേക്കുള്ള ട്യൂഷൻ ഫീസ് നൽകുന്നതിനായി മറ്റു അംഗങ്ങൾ ചേർന്ന് 1800 രൂപ നൽകുകയുണ്ടായി. ലോഗോസ് ക്വിസ് പരീക്ഷക്ക് ഒരുക്കമായി എല്ലാ മാസവും ബൈബിൾ ക്വിസ് നടത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്ത് പോരുന്നു. ജീവാലയ ഫാമിലി പാർക്കിൽ വെച്ച് എല്ലാ മാസവും നടത്തിവരുന്ന വിധവകൾക്കായുള്ള യൂദിത്ത് ഷൈൻ റിട്രീറ്റിൽ നമ്മുടെ കൂട്ടായ്മയിൽ നിന്നും അംഗങ്ങൾ പങ്കെടുക്കാറുണ്ട്. ധ്യാനത്തിൽ പങ്കെടുക്കുന്ന വിധവകൾക്ക് അത് വളരെ ആശ്വാസവും സമാധാനവും പകരുന്നതാണ്.

ഉയിർപ്പ് തിരുനാളിന്റെയും വി. ഗീവർഗ്ഗീസ് സഹദായുടെയും തിരുനാളിന്റെ മംഗളങ്ങളും ആശംസകളും എല്ലാർക്കും നേർന്നുക്കൊള്ളുന്നു.

## ഞങ്ങൾ വരവായി....

| No | വീട്ടുപേര് | മാതാപിതാക്കൾ | കുട്ടിയുടെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| 1. | ചെങ്ങിനിയാടൻ | ആന്റണി ജിറ്റോ - സിസിലി ബീന | മേരി (നിയ മരിയാ ടിറ്റോ) | 24-10-2022 | 15-01-2023 |
| 2. | വടക്കുംച്ചേരി | മിഥുൻ തോമസ് - ഷാനുമറിയം | എസക്കിയേൽ | 24-05-2022 | 28-01-2023 |
| 3. | കിഴക്കുംതല | ജോൺ ഡേവിഡ് - അന്നമേരി | ജോവീസ് | 01-11-2022 | 19-02-2023 |
| 4. | പുത്തൻ പുരയ്ക്കൽ | ജോസ് സണ്ണി - ഐറിൻ മാത്യു | മാത്യു ജോസ് (ജോർദ്ദാൻ മാറ്റ് ജോസ്) | 05-12-2022 | 11-04-2023 |
| 5. | വള്ളോംകുന്നേൽ | ജേക്കബ് - വിനീത | മരിയ (ലൈറ ജേക്കബ്) | 09-07-2022 | 12-02-2023 |
| 6. | വള്ളോം കുന്നേൽ | ജേക്കബ് - വിനീത | അന്ന ബ്രിജിത്ത (റേയ്ച്ചൽ) | 01-08-2022 | 12-02-2023 |
| 7. | ചെന്തലൻ | ഡിസ്‌വിൻ - മീനു തോമസ് | മറിയം (ഇഷ മറിയം ജോബ്) | 01-09-2022 | 13-02-2023 |
| 8. | പുത്തൂർ | അനിൽജോസഫ് - ജെയ്മി | ജൊവാൻ ജോസഫ് തോമസ് | 11-11-2019 | 26-01-2023 |
| 9 | പരുത്തിക്കൽ | ജോബ് - അമിത | മറിയം (ഇഷ മറിയം ജോബ്) | 01.09.2022 | 26.01.2023 |
| 10 | വഴുതനപ്പിള്ളിൽ | നോബിൻ - എലിസബത്ത് | ജൊവാൻ ജോസഫ് തോമസ് | 11.11.2019 | 07.01.2023 |

# സ്മരണാഞ്ജലി



വർഗ്ഗീസ് നേരേവീട്ടിൽ



മേരി വർഗ്ഗീസ്



**തമ്പി നേരേവീട്ടിൽ** (മുൻ ട്രസ്റ്റി)

**ജനനം: 14.06.1953 മരണം: 24.04.2020**

# സ്നേഹസ്മരണയ്ക്ക്

## 1-ാം ചരമ വാർഷികം



# T.V. JOSE

## തുറയ്ക്കൽ, മാമംഗലം

ജനനം : 19-01-1955 മരണം : 03-05-2022

**ഞാൻ നിങ്ങളിൽ നിന്നും അകന്നുപോയെങ്കിലും**
**എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടി ഉണ്ടായിരിക്കും**

# 5-ാം ചരമ വാർഷികം



## കെ ടി വർഗീസ്

കാട്ടിത്തറ

ജനനം : 23-09-1948

മരണം : 09-05-2018

# ഒന്നാം ചരമ വാർഷികം



# ജോണി ചാക്കപ്പൻ

**ഞാണയ്ക്കൽ, ഇടപ്പള്ളി**

**ജനനം: 28.09.1951, മരണം: 24.04.2022**



## സ്നേഹസ്മരണയ്ക്ക്

### 16-ാം ചരമവാർഷികം

**ഡെൻസൻ ദേവസി**

**അമ്പാട്ടുപറമ്പിൽ**
**ഇടപ്പള്ളി**
**മരോട്ടിച്ചുവട്**

**ജനനം: 06.05.1982**
**മരണം: 29.03.2007**

ഞാൻ ബലിയായി
അർപ്പിക്കപ്പെടേണ്ട സമയം
ആസന്നമായിരിക്കുന്നു.....
നീതിമാനായ കർത്താവ്
എനിക്കായി നീതിയുടെ കിരീടം
ഒരുക്കിയിരിക്കുന്നു.

## പാവന സ്മരണയ്ക്ക്



**ആൽബി ജോസഫ്**

ജനനം: 22/02/1967
മരണം: 13/05/2020

### 3-ാം ചരമ വാർഷികം



# $5^{th}$ Death Anniversary



*Our Beloved,*

## Palakkappilly Kurian Kuriakose


**(Joy)**

**12/06/1953 - 09/04/2018**

**'സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ,**
**അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും.'**

**മത്തായി 5 : 9**

*Remember me in your prayers*



# JAMES MATHEW

## PATTATHUPARAMBIL

Born 12-12-1941 Died 09-04-2016



*Loving Memory of*

# PRINCE TOM

**Parappally House, Ponekkara**
**Edappally**

**Born: 20.06.1984**
**Death: 14.05.2013**



ഒന്നാം ചരമവാർഷികം

# സ്നേഹസ്മരണയ്ക്ക്

## പോൾ എം.ഡി.
## മാളിയേക്കൽ

**ജനനം: 25.02.1949**
**മരണം: 23.05.2022**

'ഞാനാണ് പുനരുത്ഥാനവും ജീവനും, എന്നിൽ
വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.
( യോഹ 11:25)

# വിമെൻ വെൽഫയർ സർവ്വീസസ്







വിമെൻ വെൽഫെയർ സർവ്വീസസിന്റെ പ്രതിമാസ യോഗം എല്ലാ രണ്ടാം ശനിയാഴ്ചകളിലും നടത്തപ്പെടുന്നു. മാർച്ച് 10-ന് പോൾ അച്ചന്റെയും സി. ലീമ റോസിന്റെയും സാന്നിധ്യത്തിൽ പാനവായന മത്സരം നടത്തിയിരുന്നു. ഇതിൽ ഒന്നാം സ്ഥാനം റാണി ജോസഫ് കളത്തിൽ, രണ്ടാം സ്ഥാനം ജിബി വർഗ്ഗീസ് ചെന്നിക്കരയും കരസ്ഥമാക്കി.

സംഘടന അംഗങ്ങളായ മെറി, അച്ചാമ്മ എന്നീ സഹോദരിമാർക്ക് സംഘടന അംഗങ്ങളിൽനിന്നും മറ്റ് പലരിൽനിന്നും പിരിച്ചു കിട്ടിയ തുകയുംകൊണ്ട് ഒരു ഭവനം പണിത് കൊടുത്തു. ഇന്നതിന് നേതൃത്വം നൽകിയത് സംഘടനാ അംഗം മോളി ജോൺ വെളിയത്താണ്. മാർച്ച് 19 ന് ഔസേപ്പിതാവിന്റെ ഊട്ടുതിരുനാളിനോട് അനുബന്ധിച്ച് സദ്യ വിളമ്പുന്നതിനും നേർച്ച പായസം വിതരണം ചെയ്യുന്നതിനും സംഘടന അംഗങ്ങളുടെ സജീവ സാന്നിധ്യം ഉണ്ടായിരുന്നു.

---



**ബഹുമാനപ്പെട്ട സിന്റോ ചീരകത്തിൽ അച്ചന് സെൻട്രൽ കമ്മിറ്റിയുടെ ഉപഹാരം വൈസ് ചെയർമാൻ നൽകുന്നു**

# ഞങ്ങൾ ഒന്നായി....

| | | |
|---|---|---|
| 1. | 09 - 02 - 2023 | മുണ്ടകത്തിൽ ജോസ് - എലിസബത്ത് മകൻ ജോർജ്ജ് (നിവിൻ)<br>പിഴക്, പാലാകുന്നേൽ ഷാജി - ജിന്നി മകൾ തെരേസ മരിയ (ശ്രുതി) |
| 2 | 15 - 01 - 2023 | കോട്ടയ്ക്കൽ ജോസഫ് - ലൈസി മകൻ വർക്കി (ബിജു)<br>അത്താണി, ഇത്തിത്തറ മാനുവൽ ലിവേര മാർഗരറ്റ് മകൾ ആനി സ്കറിയ |
| 3 | 16 - 01 - 2023 | പാണാട്ട് ബാബു - ക്രിസ്റ്റി മകൻ ബെസ്റ്റിൻ<br>ഇടപ്പള്ളി വൈഷ്ണവം രാധാകൃഷ്ണൻ ഉഷാകുമാരി മകൾ എലീന (വീണ) |
| 4 | 18 - 01 - 2023 | പാണാട്ട് ജോർജ്ജ് - ഷീല മകൻ സേവ്യർ (സിബിൻ)<br>മേവെള്ളൂർ, വേബേനിൽ ഫിലിപ്പ് - മേരി മകൾ ആൻ മരിയ |
| 5 | 22 - 01 - 2023 | മാളിയേക്കൽ ഷാജി - സിസിലി മകൻ സിലീഷ്<br>പൊറ്റക്കുഴി, ഇല്ലിപറമ്പിൽ സിംസൺ - ടെസ്സി മകൾ സിയ |
| 6 | 28 - 01 - 2023 | ചാവടി ജോൺ ചെറിയാൻ - ആനിയമ്മ മകൻ ജോർജ്ജ് ജോൺ<br>കൊടക്, കുരീക്കൽ വെമ്പിള്ളി ബെന്നി - ജാൻസി മകൾ റിയ |
| 7 | 30.01.2023 | എടയാടിൽ റോയ് - നിമ്മി മകൻ അഖിൽ<br>കുടമാളൂർ, തൈപ്പറമ്പിൽ ഷിബു - എൽസി മകൾ ടീന |
| 8 | 30.01.2023 | തെക്കിനേത്ത് ജോൺസൺ - ലൂസി മകൻ മെബിൻ<br>പുത്തൻതചിറ, കൈതാരത്ത് ഡെവീസ് - ടെസ്സി മകൾ റിന്റാ |
| 9 | 04.02.2023 | മുണ്ടയ്ക്കൽ തങ്കച്ചൻ - പ്രേമ മകൻ ജോബ്<br>അകപ്പറമ്പ് പയ്യപ്പിള്ളി ബേബി - ഷീബ മകൾ ആൻ മേരി |
| 10 | 11.02.2023 | ആലുവ പുതുശ്ശേരി പൗലോസ് - സൂജ മകൻ സാജൻ<br>ഇടപ്പള്ളി, പള്ളിപ്പാടൻ ബാബു - ഷീബ മകൾ തങ്കം |
| 11 | 15.02.2023 | ആലുങ്കൽ നേരേവീട്ടിൽ ജോസഫ് ഫ്രാൻസിസ് - ആനി മകൻ നിജോ<br>വാഴക്കാല, നേരേവീട്ടിൽ ജോർജ്ജ് - ഡെയ്സി മകൾ സ്റ്റെഫി |
| 12 | 18.02.2023 | കണ്ടത്തിൽ ജോഷി - ജെസി മകൻ എബിൻ<br>കുന്നേൽ, കളപ്പുരയ്ക്കൽ ജോർജ്ജ് - മേരി ജെൻസി മകൾ അനീഷ |
| 13 | 12 - 02 - 2023 | കല്ലക്കാട് ബെന്നി - മേരി മകൾ ദിവ്യ<br>കരോട്ടുകര, ഏറിയാട് പടയാടി തോമസ് ഷീബ മകൻ സജ്ഞു |
| 14 | 12.01.2023 | പുത്തൻപുരയ്ക്കൽ ജെയിംസ് - ജെസി മകൾ മെറിൻ<br>തോട്ടക്കാട്ടുകര, കണ്ണൻമേരി ജോണി - മോളി മകൻ ജോമിൻ |
| 15 | 15 - 01 - 2023 | തുണ്ടത്തിൽ ബിജു - ലല്ലി മകൾ ബെനീറ്റ<br>കാരണക്കോടം, മേച്ചേരി ജോസി - ഷൈനി മകൻ സുധൻ |
| 16 | 15 - 01 - 2023 | കൊച്ചുവീട്ടിൽ ഡൊമിനിക് - ലില്ലി മകൾ മരിയ<br>കരയാംപറമ്പ്, മത്തായി - ആനി മകൻ ലിസ്റ്റിൻ |


# മിഷൻ ലീഗ് വാർത്തകൾ

1. ജനുവരി 27 - ഇടവകയിൽ നിന്നും സ്ഥലം മാറിപോയ ബഹുമാനപ്പെട്ട സിന്റോ ചീരകത്തിൽ അച്ചന് മൊമെന്റോ നൽകുകയും യാത്ര മംഗളങ്ങൾ നേരുകയും ചെയ്തു.

മാർച്ച് 19 - വിശുദ്ധ ഔസെപ്പിതാവിന്റെ മരണ തിരുനാളിനോട് അനുബന്ധിച്ചു നടത്തിയ ഊട്ടു നേർച്ചക്ക് വേണ്ടിയുള്ള ഒരുക്കത്തിലും വിതരണത്തിലും സജീവമായി പങ്കെടുത്തു.

ഏപ്രിൽ 7 - ദുഖവെള്ളിയാഴ്ചയോട് അനുബന്ധിച്ചു പള്ളിയുടെ മുമ്പിൽ കുരിശു സ്ഥാപിച്ചു.

ഏപ്രിൽ 9 - ഈസ്റ്ററിനോട് അനുബന്ധമായ ഉയിർപ്പിന്റെ ദൃശ്യാവിഷ്കാരം മിഷൻ ലീഗ് ആണ് നടത്തിയത്.













# യൂണിറ്റ് വാർഷികങ്ങൾ

**സെന്റ് മദർ തെരേസ**

മദർ തെരേസാ കുടുംബയൂണിറ്റിന്റെ വാർഷികം, ജനുവരി മാസം 17-ാം തീയതി ശ്രീ. വി. മത്തായി ഇല്ലത്തുകുടിയുടെ ഭവനത്തിൽ വച്ച് വികാരി ഫാ. ആന്റണി മടത്തുംപടിയുടെ കാർമികത്വത്തിൽ ദിവ്യബലിയോടുകൂടി ആരംഭിച്ചു. തുടർന്ന് വന്ന പൊതുയോഗത്തിൽ വികാരിയച്ചൻ യൂണിറ്റംഗങ്ങളെ ഏവരെയും അഭിസംബോധന ചെയ്യുകയും സെക്രട്ടറി ശ്രീമതി. സാജി അവറാച്ചൻ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും, ട്രഷറർ ശ്രീ. റോയി പരപ്പൻ കണക്കുകൾ അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് കൊച്ചച്ചന്മരായ ബഹു. സിന്റോ ചീരകത്തിൽ, ബഹു. ജോൺ പോൾ തെറ്റയിലച്ചൻ, സെട്രൽ കമ്മിറ്റി വൈസ് ചെയർമാൻ ശ്രീ ആന്റണി പരവര, മദർ സിസ്റ്റർ മരിയ ഗ്രെയ്സ്, സിസ്റ്റർ അൻസ പുതുശ്ശേരി പ്രസിഡന്റ് ശ്രീമതി സുനി റ്റുബി തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

ദാമ്പത്യ ജീവിതത്തിന്റെ 50-ാം വാർഷികം പൂർത്തിയാക്കിയ ദമ്പതികളായ ശ്രീ. മത്തായി & മേരി മത്തായി ഇല്ലത്തുകുടിയെയും ശ്രീ. തോമസ് & ആലീസ് പള്ളാശ്ശേരി തുടങ്ങിയവരെ അനുമോദിക്കുകയും യൂണിറ്റിന്റെ വക പ്രത്യേക "ഷീൽഡ്" നൽകി ആദരിക്കുകയും ചെയ്തു. മദർ തെരേസാ യൂണിറ്റ് വൈസ് പ്രസിഡന്റ് ശ്രീ ധനുഷ് വർഗ്ഗീസ് നന്ദി അർപ്പിക്കുകയും, സ്നേഹവിരുന്നോടുകൂടി യോഗപരിപാടികൾ സമംഗളം പര്യവസാനിച്ചു.

**ഗീവർഗ്ഗീസ് സഹദാ കുടുംബ യൂണിറ്റ് വാർഷികം**

ഗീവർഗ്ഗീസ് സഹദാ കുടുംബയൂണിറ്റിന്റെ വാർഷികാഘോഷം 2022-നവംബർ 19-ാം തീയതി ശനിയാഴ്ച ശ്രീ കോക്കാട്ട് ജോയിയുടെ വസതിയിൽവച്ച് നടത്തപ്പെട്ടു. സെന്റ് ജോർജ്ജ് ഫൊറോന വികാരി പെരിയ ബഹുമാനപ്പെട്ട ആന്റണി മടത്തുംപടി അച്ചന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് ഈശ്വര പ്രാർത്ഥനയോടെ യൂണിറ്റിന്റെ വാർഷിക പൊതുയോഗം ആരംഭിച്ചു. യൂണിറ്റിൽനിന്നും മരിച്ചുപോയവരുടെ അനുസ്മരണ പ്രാർത്ഥനയ്ക്കുശേഷം ശ്രീ ജോജോ കോക്കാട്ട് എല്ലാവർക്കും സ്വാഗതം ആശം





സിച്ചു. ജോ. സെക്രട്ടറി ശ്രീമതി ജാൻസി ജോൺ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് വാർഷിക കണക്ക് അവതരിപ്പിക്കുകയും യോഗം അത് എല്ലാവരും സ്വാഗതം ചെയ്യുകയും ചെയ്തു. അതിനുനുശേഷം ബഹുമാനപ്പെട്ട വികാരിയച്ചൻ കുടുംബകൂട്ടായ്മയുടെ പ്രാധാന്യത്തെ കുറിച്ച് സംസാരിച്ചു. അദ്ധ്യക്ഷ പ്രസംഗം നടത്തിയ പ്രസിഡന്റ് ശ്രീമതി മേരിക്കുട്ടി വർഗ്ഗീസ് ഇന്നത്തെ കാലഘട്ടത്തിൽ മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നതിനെക്കുറിച്ച് സംസാരിച്ചു. തുടർന്ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പരവര, മദർ സി. മരിയ ഗ്രേസ്, സി. റീന എന്നിവർ ആശംസാ പ്രസംഗം നടത്തി. യൂണിറ്റിൽനിന്നും എസ്.എൽ.സി. ക്കും പ്ലസ്ടുവിനും ഏറ്റവുംകൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി. യൂണിറ്റിലെ കൊച്ചു കുട്ടികളുടെയും അമ്മമാരുടെയും കലാപരിപാടികൾ വാർഷികാഘോഷം കൂടുതൽ മനോഹരമാക്കി നൽകുകയും ചെയ്തു. ട്രഷറർ ശ്രീ. ജോയി ആഞ്ഞിലിക്കൽ എല്ലാവർക്കും കൃതജ്ഞത പറഞ്ഞു. തുടർന്ന് സ്നേഹവിരുന്നിനുശേഷം വാർഷികം സമംഗളം സമാപിച്ചു.

**ഹോളി സ്പിരിറ്റ് ഫാമിലി യൂണിറ്റ്**



ഹോളി സ്പിരിറ്റ് ഫാമിലി യൂണിറ്റിന്റെ 17 ാമത് വാർഷികം 2023 ജനുവരി 21 ശനിയാഴ്ച ശ്രീ. സണ്ണി സെബാസ്റ്റ്യൻ മച്ചിയാനിക്കൽ അവർകളുടെ വസതിയിൽ നടന്നു. 15.01.23 ൽ കാംപയിൻ സ്കൂൾ അങ്കണത്തിൽ നടന്ന ബൈബിൾ ക്വിസ്, ബൈബിൾ റീഡിങ്ങ്, വിവിധ കായിക മത്സരങ്ങൾക്കും ശേഷമാണ് വാർഷിക ദിനാഘോഷത്തിലേക്ക് എത്തിചേർന്നത്. പെരി. ബഹു: വികാരിയച്ചന്റെ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയെ തുടർന്ന് വാർഷിക പൊതുയോഗം നടന്നു. യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജോസ് പൈകയിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ശ്രീ. സജി സെബാസ്റ്റ്യൻ സ്വാഗതം ആശംസിച്ചു. സെക്രട്ടറി ശ്രീ പയസ് മഞ്ഞളി, ട്രഷറർ ശ്രീ. വിൻസന്റ് കാച്ചപ്പിള്ളി എന്നിവർ യഥാ ക്രമം വാർഷിക റിപ്പോർട്ടും വരവു ചെലവു കണക്കുകളും അവതരിപ്പിച്ചു. വികാരി. വെരി. റവ: ഫാ. ആന്റണി മഠത്തും പടി അനുഗ്രഹ പ്രഭാഷണം നടത്തി. വൈസ് ചെയർമാൻ ശ്രീ. ആന്റണി പരവര, ഹോളി ക്രോസ് യൂണിറ്റ് വൈസ് പ്രസിഡണ്ട് ശ്രീ. ജോ മാത്യു തോട്ടപ്പിള്ളി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. സന്യാസ വ്രത വാഗ്ദാനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സുപ്പീരിയർ റവ. സി. മരിയ ഗ്രേസ് എസ്. എ. ബി. എസ്, വിവാഹ സുവർണ്ണ ജൂബിലി പിന്നിട്ട ശ്രീ. ജോസഫ് മീനായ്ക്കോടത്ത്/ അൽഫോൻസ ദമ്പതികൾ, സിൽവർ ജൂബിലി പിന്നിട്ട യൂണിറ്റ് അംഗങ്ങളായ മറ്റു ദമ്പതികൾ എന്നിവരെ യോഗത്തിൽ പ്രത്യേകം ആദരിക്കുകയുണ്ടായി. സ്ഥലം മാറി പോകുന്ന ബഹു. സിന്റോ ചീരകത്തിൽ അച്ചന് യാത്രാ മംഗളങ്ങൾ നേരുകയുണ്ടായി. ബഹു. ജോൺ പോൾ തെറ്റയിൽ അച്ചൻ, ബഹു. ഡീക്കന്മാർ. സി. പ്രീതി എസ്. എ. ബി. എസ് എന്നിവരും യോഗത്തിൽ ആദ്യവസാനം പങ്കെടുത്തു. വിവിധ രംഗങ്ങളിൽ ഉന്നത വിജയം നേടിയവരും കലാകായിക മത്സരങ്ങളിലെ വിജയികൾ, കലാപരിപാടികൾ അവതരിപ്പിച്ചവർ എന്നിവർക്ക പ്രത്യേകം സമ്മാനങ്ങളും യൂണിറ്റിന്റെ മെമെന്റോകളും നല്കപ്പെട്ടു. യോഗാനന്തരം നടന്ന കലാവിരുന്നിനും സ്നേഹവിരുന്നിനും ശേഷമാണ് എല്ലാവരും പിരിഞ്ഞത്.

**ഹോളി ട്രിനിറ്റി ആനിവേഴ്സറി**

ഹോളി ട്രിനിറ്റി ഫാമിലി യീണിറ്റിന്റെ 20 -ാം വാർഷികം ശ്രീ തോമസ് കണ്ണമ്പുഴയുടെ വസതിയിൽ സമ്മേളിച്ചു. ബഹുമാനപ്പെട്ട വികാരി ഫാ. ആന്റണി മടത്തും പടി അർപ്പിച്ച ദിവ്യബലിയോടെ വാർഷികാഘോഷങ്ങൾ ആരംഭിച്ചു. കുടുംബ നാഥൻ സ്വാഗതവും, സെക്രട്ടറി റിപ്പോർട്ടും, ഖജാൻജി സാമ്പത്തികവും അവതരിപ്പിച്ചു. വികാരിയച്ചൻ മുഖ്യ പ്രഭാഷണം നടത്തി. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ലോറൻസ് ആന്റണി അദ്ധ്യക്ഷ പ്രസംഗവും തുടർന്ന് ക്ഷണം സ്വീകരിച്ചെത്തിയ ട്രസ്റ്റി ശ്രീ. ജോർജ്ജ് ജേക്കബ് കണ്ണാതറ, സെൻട്രൽ കമ്മിറ്റി വൈസ് ചെയർമാൻ ശ്രീ ആന്റണി പരവര, ഹോളി ഏയ്ഞ്ചൽസ് ഫാമിലി യൂണിറ്റ് പ്രസിഡന്റ് ശ്രീ തോമസ് ഡോമിനിക്ക് എന്നിവർ ആശംസാ പ്രസംഗങ്ങളും നടത്തി.

സിസ്റ്റേഴിസിനെയും, 80 തികഞ്ഞ വ്യക്തികളെയും ആദരിക്കുകയും യൂണിറ്റിന്റെ ഉപഹാരങ്ങൾ നൽകുകയും ചെയ്തു. അല്പം വൈകിയാണെങ്കിലും നമ്മുടെ കൊച്ചച്ചന്മാരായ ഫാ. ജോൺ പോൾ, ഫാ. നിഖിൽ പടയാട്ടിൽ, ഡീക്കൻ ഷിബിൻ മുളവരിക്കൽ എന്നിവർ വേദിപങ്കിടുകയും ആശംസ നൽകുകയും ചെയ്തു.

ലോഗോസിൽ പങ്കെടുത്തവർക്കും, വിദ്യാഭ്യാസത്തിൽ മികവ് തെളിയിച്ചവർക്കും മൊമന്റോയും, കലാകായിക മത്സര വിജയികൾക്ക് സമ്മാനവും നൽകി. തുടർന്ന് കുഞ്ഞു മക്കൾ തുടങ്ങി മുതിർന്നവരും കലാപരിപാടികൾ അവതരിപ്പിച്ചു. പരിപാടികൾ അവതിപ്പിച്ച ഓരോ വ്യക്തിക്കും പ്രോത്സാഹന സമ്മാനങ്ങൾ നൽകി. തുടർന്ന് ജോ. സെക്രട്ടറി നന്ദി പറഞ്ഞു. സ്നേഹവിരുന്നോടെ വാർഷികാഘോഷങ്ങൾക്ക് സമാപനം കുറിച്ചു.

### വിമല മാതാ യൂണിറ്റ്



യൂണിറ്റിന്റെ 2ാം മത്തെ വാർഷികം 2023 ജനുവരി 28-ാം തിയതി ശ്രീമാൻ ആന്റണി ജേക്കബ് പയ്യപ്പിള്ളി അവർകരുടെ വസതിയിൽ വെച്ച് 5.30 നു റവ. ഫാ. ടോണി മാളിയേക്കൽ അർപ്പിച്ച ദിവ്യബലിയോട് കൂടി ആരംഭിച്ചു. വികാരി റവ. ഫാ. ആന്റണി മടത്തുംപടി വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. അദ്ധ്യക്ഷത വഹിച്ച പ്രസിഡന്റ് ശ്രീമതി വത്സ അഗസ്റ്റിൻ നെടുംങ്ങലേൽ എല്ലാവരേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.



സഹ വികാരിമാരായ ഫാ. നിഖിൽ പായാട്ടിൽ, ഫാ. ജോൺ പോൾ തെറ്റയിൽ എന്നിവരുടെ അനുഗ്രഹ പ്രഭാഷണവും സെൻട്രൽ കമ്മിറ്റി വൈസ് ചയർമാൻ ശ്രീമാൻ ആന്റണി പരവര, ബഹു. സിസ്റ്റർ റീന എന്നിവരുടെ ആശംസാ പ്രസംഗവും ഉണ്ടായിരുന്നു. സെക്രട്ടറി ശ്രീമതി മേരി ലോനപ്പൻ വാർഷിക റിപ്പോർട്ടും ട്രഷറർ ശ്രീമതി ആനി മാളിയേക്കൽ വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു. ശ്രീമാൻ ജോസ് കള്ളിക്കാടൻ എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. കുട്ടികളും മുതിർന്നവരും അവതരിപ്പിച്ച കലാപരിപാടികളും ഉണ്ടായിരുന്നു. തുടർന്ന് വിഭവ സമൃദമായ സ്നേഹവിരുന്നോടെ വാർഷികാഘോഷം സമാപിച്ചു.

---

### നിത്യ സഹായമാതാ ഫാമിലി യൂണിറ്റ്



നിത്യ സഹായമാതാ ഫാമിലി യൂണിറ്റിന്റെ വാർഷികം 2023ഫെബ്രുവരി പതിനൊന്നാം തീയതി ശനിയാഴ്ച കണ്ണമ്പുഴ ജോയിയുടെ ഭവനത്തിൽ വച്ച് നടന്നു

വൈകിട്ട് 5 മണിക്ക് വിശുദ്ധ കുർബാന വികാരിയച്ചൻ വെ: ഫാ:ആൻറണി മഠത്തുംപടി അർപ്പിച്ചു തുടർന്ന് പൊതുയോഗം വികാരിയച്ചൻ ഉദ്ഘാടനം ചെയ്തു. പ്രസിഡൻറ് ജോർജ് ആലുങ്കലിന്റെ അധ്യക്ഷതയിൽ സ്വാഗതം ഷാന്റി തോമസ് (സെൻട്രൽ കമ്മിറ്റി അംഗം) റിപ്പോർട്ട് തോംസൺ തൈവെപ്പിൽ (സെക്രട്ടറി) കണക്ക് അവതരണം നൈസി ഷിജു (ട്രഷറർ) എന്നിവർ നടത്തി.

സെൻട്രൽ കമ്മിറ്റി വൈസ് ചെയർമാൻ ആൻറണി പരവര സന്ദേശവും . സഹ വികാരിമാരായ ഫാദർ ജോൺപോൾ ഫാദർ നിഖിൽ പടയാട്ടി, ഡീക്കൻ, സിസ്റ്റർ അൻസ എന്നിവരും ആശംസകൾ നേർന്നു. കായിക മത്സരങ്ങളുടെ സമ്മാനദാനം വികാരിയച്ചൻ നടത്തി. തുടർന്ന് അംഗങ്ങളുടെ കലാപരിപാടികളും സ്നേഹവിരുന്നും ഉണ്ടായിരുന്നു

---

### സെന്റ് തോമസ് ഫാമിലി യൂണിറ്റി

സെന്റ് തോമസ് ഫാമിലി യൂണിറ്റിന്റെ 39-മത് വാർഷിക ആഘോഷം 2023 ഫെബ്രുവരി 18ന് ശ്രീ.ജോ ആന്റണി അമ്പലത്തിങ്കലിന്റെ വസതിയിൽ ബഹു. വികാരി ഫാ.ആന്റണി മടത്തുംപടി അർപ്പിച്ച വിശുദ്ധ ബലിയോടെ ആരംഭിച്ചു. ഈശ്വരപ്രാർത്ഥനയെ തുടർന്ന് പ്രസിഡന്റ് സണ്ണി പട്ടേരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ,കുടുംബനാഥന്‍ ജോ






ആന്റണി അമ്പലത്തിങ്കൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു.സെക്രട്ടറി തോമസ് ഏനേക്കാട്ട് വാർഷിക റിപ്പോർട്ടും, ട്രഷറർ സോണി മാറാട്ടുകളം വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു. ഫാ. ആന്റണി മടത്തുംപടി മുഖ്യപ്രഭാഷണം നടത്തി. സെൻട്രൽ കമ്മിറ്റി വൈസ് ചെയർമാൻ ശ്രീ.ആന്റണി പരവര ആശംസകൾ നേർന്നു. യൂണിറ്റിലെ ഉന്നത വിജയം നേടിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകിയും, വിവാഹത്തിന്റെ ഗോൾഡൻ ജൂബിലിയും സിൽവർ ജൂബിലിയും ആഘോഷിച്ച 6 ദമ്പതിമാർക്ക് മെമന്റൊ നൽകിയും ആദരിച്ചു.ട്രസ്റ്റിമാർ ജോയ് അമ്പാട്ട്,ജോർജ് ജേക്കബ് കണ്ണാംതറ, സഹവികാരിമാരായ ഫാ.ജോൺ പോൾ തെറ്റയിൽ,ഫാ.നിഖിൽ പടയാട്ടി,ഡീക്കൻ ഷിബിൻ മുളവരിക്കൽ ,സി.മെർലിൻ ചിറയിൽ, സി. അൻസ പുതുശ്ശേരി, സി.ടെസ്സി അമ്പലത്തിങ്കൽ എന്നിവർ വാർഷികത്തോടനുബന്ധിച്ച് നടത്തിയ കായിക മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.കുട്ടികളുടേയും മുതിർന്നവരുടേയും വിവിധ കലാപരിപാടികൾക്കുശേഷം, ജോ.സെക്രട്ടറി ഇമ്മാനുവൽ പാട്ടുപറമ്പിൽ എല്ലാവർക്കും നന്ദിയർപ്പിച്ചു. സ്നേഹവിരുന്നോടുകൂടി യോഗം സമംഗളം അവസാനിച്ചു.

---

**സെന്റ് പയസ് ഫാമിലി യൂണിറ്റ്**

സെന്റ് പയസ്സ് ഫാമിലി യൂണിറ്റിന്റെ 34-ാമത് വാർഷികം 2023 ജനുവരി 7-ാം തീയതി ലില്ലിക്കുട്ടി ജോസഫ് തെക്കെ മുറിയലിന്റെ ഭവനത്തിൽ നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട വികാരി വെരി. റവ. ഫാ. ആന്റണി മാടാതുങ്കൽ ദിവ്യ ബലിയർപ്പിച്ചു. യൂണിറ്റ് പ്രസിഡൻര് ശ്രീ.ജോയ് കളമ്പാടൻ അദ്ധ്യക്ഷം വഹിച്ചു. തുടർന്ന് എല്ലാവരേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. സെക്രട്ടറി ശ്രീമതി റിൽസി റിപ്പോർട്ടും ട്രഷറർ ശ്രീ.ലിജോ ഗ്രിഗറി വരവ് ചിലവ് കണക്കുകളും അവതരിപ്പിച്ചു. വെരി. റവ. ഫാദർ ആന്റണി മാടത്തിങ്കൽ വാർഷീകാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

സെൻട്രൽ കമ്മറ്റി വൈസ് ചെയർമാൻ ശ്രീ. ആന്റണി പുരവര വെരി. ഫാദർ അഗസ്റ്റിൻ വി.സി, റവ. ആൽഫി എം.എസ്.ജി എന്നിവർ ആശംസകൾ അർപ്പിച്ചു. ബഹുമാനപ്പെട്ടകൊച്ചച്ചൻമാരും ഡീക്കനും വാർഷികാഘോഷത്തിൽ പങ്കെടുത്തു.





### സെന്റ് പീറ്റർ ഫാമിലി യൂണിറ്റ്

സെന്റ് പീറ്റർ ഫാമിലി യൂണിറ്റ്. 39-)മത് വാർഷികം ശ്രീ മാർട്ടിൻ ജോസഫ് കണ്ടത്തിലിന്റെ ഭവനത്തിൽ - 25-1-2023 - ബുധനാഴ്ച - വൈകുന്നേരം 5-30 ന് ജപമാലയോടു കൂടി ആരംഭിച്ചു. - ബഹുമാനപ്പെട്ട വികാരി -ആന്റെണി മഠത്തും പടി ദിവ്യബലി അർച്ചിച്ചു. തുടർന്ന് മാമ്പിള്ളി പറമ്പിലെ മിനി പാരിഷ് ഹാളിൽ പ്രസിഡന്റ് ശ്രീ ആന്റെണി പരവരയുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗം വികാരിയച്ചൻ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ശ്രീ ഷാജി കണ്ടത്തിൽ റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ശ്രീമതി മിനിമാർട്ടിൻ മണ്ടാക്കര കണക്കുകൾ അവതരിപ്പിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട കൊച്ചച്ചൻ സിന്റോ ചീരകത്തിൽ അച്ചന് യാത്രയയപ്പ് നൽകുകയും പൊന്നാട അണിയിക്കുകയും ചെയ്തു ഫാ ജോൺ പോൾ തെറ്റയിൽ . ഡീക്കൻമാർ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് എന്നിവർ പങ്കെടുത്തു. വിവാഹ ജൂബിലി ആഘോഷിച്ച കുടുംബങ്ങളെ ആദരിക്കുകയും കേക്ക് മുറിച്ച് മധുരം പങ്ക് വക്കുകയും ചെയ്തു. 70 വയസ്സ് കഴിഞ്ഞ മാതാപിതാക്കളെ വികാരിയച്ചൻ പൊന്നാട അണിയിച്ച് ആദരിച്ചു ശ്രീ മാർട്ടിൻ ജോസഫ് കണ്ടത്തിൽ എല്ലാവർക്കും നന്ദി പറഞ്ഞു കുട്ടികളുടേയും. യൂണിറ്റ് അംഗങ്ങളുടേയും. കലാപരിപാടിയും, ഗാനമേളയും, സ്നേഹ വിരുന്നിനും ശേഷം 10 മണിയോടെ മത്സര വിജയികൾക്ക് സമ്മാനം വിതരണംചെയ്തു.





### ലൂർദ്ദ് മാതാ ഫാമിലി യൂണിറ്റ്

ലൂർദ്ദ്മാതാ ഫാമിലിയൂണിറ്റിന്റെ വാർഷികയോഗവും പുതിയ ഭാരവാഹികളുടെ തെരെഞ്ഞെടുപ്പും 2023 ഫെബ്രുവരി 19 ന് ശ്രീ തോമസ് കുളങ്ങരയുടെ ഉടമസ്ഥതയിലുള്ള 'ഓറിയന്റ് ഗ്ലോറി'യിൽ വച്ച് നടത്തി. പ്രസിഡന്റ് ശ്രീ ജിജി ആശാരിപറമ്പിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം ഇടവക വികാരി റവ. ഫാ. ആന്റണി മടത്തുംപടി ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ശ്രീ സുനിൽ എരിഞ്ചേരി വാർഷിക റിപ്പോർട്ടും ട്രഷറർ ശ്രീ. ജോർജ്ജ് നെൽപൂരപ്പറമ്പിൽ കണക്കും അവതരിപ്പുച്ചു.

കൈക്കാരൻ ശ്രീ ജോർജ് ജേക്കബ് കണ്ണാതറ, മദർ മരിയ ഗ്രെയ്സ്, പാരിഷ് കൗൺസിൽ പ്രതിനിധി ശ്രീ പോൾസൺ കോയിത്തറ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

പുതിയ ഭാരവാഹികളായി ശ്രീ. തോമസ് മാത്യു മറ്റപ്പിള്ളി- പ്രസിഡന്റ്, ശ്രീമതി മോളി ജോണി വാഴപ്പിള്ളി- വൈസ് പ്രസിഡന്റ്, ശ്രീ ജോർജ്ജ് വർഗീസ് നെൽപുരപ്പറമ്പിൽ- സെക്രട്ടറി, ശ്രീമതി അനിറ്റ സാജു മാടമ്പിള്ളി - ജോ. സെക്രട്ടറി, ശ്രീമതി ഷിൻസി ജെയ്മോൻ കുഞ്ഞര - ട്രഷറർ എന്നിവരെ തെരഞ്ഞെടുത്തു.




# StyleX EXCLUSIVES

**Opening 10th Apr 2023**

NH Bye Pass, Market Road, Edappally, Cochin-682024

For **Men, Women & Junior**

- Complete Inner Wears
- Indoor Wears
- Outdoor Wears
- Sports Wears
- Lingerie Wears
- Night Wears



VSTAR™ JOCKEY BODYCARE

VARMA HOMES
A LEGACY OF FINE LIVING

A LEGACY OF *Luxury* IN KOCHI



EYP2/130/6053/2022

AVAIL LAUNCH OFFER

VARMA harmony
LUXURY APARTMENTS
K-RERA/PRJ/ERN/028/2023
EDAPPALLY, KOCHI

PREMIUM 2&3 BHK APARTMENTS ACROSS KOCHI

| Project | Approvals | Location |
|---|---|---|
| VARMA URBAN HEIGHTS | KRP2-486/19<br>K-RERA/PRJ/ERN/136/2022 | KADAVANTHRA |
| VARMA Connekt LUXURY APARTMENTS | EYP1/48/COC/EYP/127/17<br>K-RERA/PRJ/ERN/014/2021 | VENNALA |
| VARMA Rhythm LUXURY APARTMENTS | PW2/BA-395/21-22 (PW2-527/22)<br>K-RERA/PRJ/ERN/117/2022 | EROOR |
| VARMA BOUGAIN HEIGHTS PURPLE COMPACT APARTMENTS | BPRL01/2021/1180<br>K-RERA/PRJ/093/2020 | CHOTTANIKKARA |
| VARMA Imperial LUXURY APARTMENTS | BA-923/19-20<br>K-RERA/PRJ/058/2021 | VAZHAKKALA |
| VARMA NORTHLIGHT 2 & 3 BHK LUXURY APARTMENTS | PW2/BA 267/20-21/2648/20<br>K-RERA/PRJ/ERN/021/2021 | VADAKEKOTTA TRIPUNITHURA |
| VARMA PRIME LUXURY APARTMENTS | PW2/BA102/20-21/8038/20<br>K-RERA/PRJ/364/2020 | VYTTILA |

INDIA : +91 9645 88 3333, UAE : +971 52 12 54110
KOCHI | THIRUVANANTHAPURAM | THRISSUR | KOZHIKODE

CREDAI
www.varmahomes.com